

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2017
ജൂലൈ
Volume VIII Issue 06

Times of America Online Monthly News Journal.
web:**mytimesofamerica.com**





Tel: 267-991-2111
e-mail:**timesofamerica@yahoo.com**





# ഉത്തര കൊറിയയ്ക്ക് ശക്തമായ താക്കീതുമായി പ്രസിഡന്റ്



*വാഷിംഗ്ടൺ:* വിലക്കുകൾ ലംഘിച്ച് തുടർച്ചയായി ആണവ മിസൈൽ പരീക്ഷണങ്ങൾ നടത്തുന്ന ഉത്തര കൊറിയയ്ക്ക് ശക്തമായ താക്കീതുമായി പ്രസിഡന്റ്.

ക്ഷമയുടെ കാലം കഴിഞ്ഞുവെന്നും മനുഷ്യത്വത്തിന് വില കല്പിക്കാത്ത കിരാത ഭരണകൂടത്തിനുമേൽ കൂടുതൽ ഉപരോധം ചുമത്തുമെന്നും ട്രംപ് മുന്നറിയിപ്പ് നല്കി. വൈറ്റ് ഹൗസിൽ ദക്ഷിണ കൊറിയൻ പ്രസിഡന്റ് മൂൺ ജെ ഇന്നുമായി നടത്തിയ കൂടിക്കാഴ്ചക്കു ശേഷമായിരുന്നു ട്രംപിന്റെ പ്രസ്താവന.

ദക്ഷിണ കൊറിയയുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കുമെന്നും എന്നാൽ, ഉത്തര കൊറിയയുമായി നയതന്ത്രബന്ധത്തിന് ഇല്ലെന്നും അദ്ദേഹം പറഞ്ഞു. ഉത്തര കൊറിയയുടെ മുൻഗാമികളെ അപേക്ഷിച്ച് അല്പം അയവുള്ള സമീപനമാണ് മൂണിന്റേത്. ആണവ പരീക്ഷണങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാണെങ്കിൽ അവരുമായി സമാധാന കരാറിൽ ഒപ്പുവയ്ക്കാൻ തയ്യാറാണെന്നും അദ്ദേഹം വ്യക്തമാക്കി.

എന്നാൽ കൊറിയൻ അതിർത്തിയിൽ വിന്യസിച്ച അമേരിക്കൻ സൈനികരെ പിൻവലിക്കണമെന്നാണ് ഉത്തരകൊറിയുടെ ആവശ്യം. 30000 യു.എസ്. സൈനികരാണ് മേഖലയിലുള്ളത്.

## ഇന്ത്യൻ സ്ഥാനപതി



*വാഷിംഗ്ടൺ:* ഇന്ത്യയിലെ യു.എസ്.അംബാസിഡറായി ഡോണാൾഡ് ട്രംപിന്റെ ഏറ്റവും അടുത്ത സഹായി കെന്നത്ത് ജസ്റ്ററെ നിമയിച്ചതായി വൈറ്റ് ഹൗസ് സ്ഥിരീകരിച്ചു. യു.എസ്.പ്രസിഡന്റിന്റെ ഇന്റർനാഷണൽ എക്കണോമിക് അഫേഴ്സ് ഡപ്യൂട്ടി അസിസ്റ്റന്റും നാഷണൽ എക്കണോമിക് കൗൺസിൽ ഡപ്യൂട്ടി ഡയറക്ടറുമാണ് 62 കാരനായ കെന്നത്ത്.

ഇന്ത്യയും യു.എസ്സും ശക്തമായ ബന്ധം സ്ഥാപിക്കുന്നതിന് കെന്നത്തിന്റെ അംബാസഡർ പദവി പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തൽ.

## മുൻ ജർമൻ ചാൻസലർ ഹെർമുട്ട് കോൾ അന്തരിച്ചു



*ജർമനി:* ഇരു ജർമനികളുടെയും ഏകീകരണത്തിനു നേതൃത്വം നൽകിയ മുൻ ചാൻസിലർ ഹെർമുട്ട് കോൾ അന്തരിച്ചു. ലുഡ്‌വിഗ് ഷഫാനിലെ വസതിയിൽ കഴിഞ്ഞ മാസം 16നായിരുന്നു അന്ത്യം.

സ്ട്രാസ്ബുർഗിലെ യൂറോപ്യൻ പാർലമെന്റിൽ നടന്ന അനുസ്മരണ ചടങ്ങിൽ മുൻ യു.എസ്.പ്രസിഡന്റ് ബിൽ ക്ലിന്റൺ, റഷ്യൻ പ്രധാനമന്ത്രി ദിമിത്രി മെദ്‌വെദേവ്, യൂറോപ്യൻ പ്രസിഡന്റ് ഴാങ് ക്ലോഡ് ജങ്കർ തടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിനുശേഷം ഭൗതികശരീരം ഹെലികോപ്റ്ററിൽ അദ്ദേഹത്തിന്റെ ജന്മനാടായ ലുഡ്‌വിഗ്ഷഫെനിലേക്കു കൊണ്ടുപോയി. അവിടെ സംസ്കരിച്ചു.

## ജർമ്മനിയുമായുള്ള ബന്ധത്തിന് വിള്ളൽ



*ന്യൂയോർക്ക്:* സാമൂഹ്യശാസ്ത്രജ്ഞനും പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനുമായ പീറ്റർ എൽബെർഗർ (88) അന്തരിച്ചു. ഓസ്ട്രിയയിൽ ജനിച്ച് അമേരിക്കയിലേക്കു കുടിയേറിയ ഇദ്ദേഹം രണ്ടു ഡസനിലധികം പുസ്തകം രചിച്ചു.

ദ സോഷ്യൽ കൺസ്ട്രക്ഷൻ ഓഫ് റിയാലിറ്റി, എ ട്രീറ്റൈസ് ഇൻ ദ സോഷ്യോളജി ഓഫ് നോളജ്, എ റൂമർ ഒഫ് എഞ്ചൽസ്, മോഡേൺ സൊസൈറ്റി ആന്റ് ദ റീ ഡിസ്കവറി ഓഫ് ദ സൂപ്പർ നാച്ചുറൽ, ദ നോയിസ് ഓഫ് സോളം അസംബ്ലീസ്, ദ പ്രികേരിയസ് വിഷൻ തുടങ്ങിയവയാണ് പ്രമുഖ ഗ്രന്ഥങ്ങൾ.

എ റൂമർ ഓഫ് എഞ്ചൽസ് 1960കളിലെ ദൈവമരണ സിദ്ധാന്തങ്ങൾക്കെതിരെ രചിച്ചതാണ്. ഏറെക്കാലം സാമൂഹ്യശാസ്ത്ര, ദൈവശാസ്ത്ര ബിരുദപഠനത്തിനു നിർബന്ധ വായനയായിരുന്നു ഈ പുസ്തകം.

## കാനഡയുടെ 150 –ാം വാർഷികം

*ടൊറന്റോ:* വിപുലമായ പരിപാടികളോടെ കാനഡയുടെ 150–ാം വാർഷികാഘോഷം. തലസ്ഥാനമായ ഒട്ടാവയിൽ 500000 ആളുകൾ പങ്കെടുത്ത പ്രകടനം പ്രധാനമന്ത്രി ജസ്റ്റീൻ ട്രൂഡോ ഉദ്ഘാടനം ചെയ്തു. ബ്രിട്ടനിലെ ചാൾസ് രാജകുമാരനായിരുന്നു മുഖ്യാതിഥി.


GLOBAL TRAVEL EXPERTS
Our expertise, your benefits






REJI PHILIP
9823 Bustleton Ave
Philadelphia, PA 19115
Email: info@GTEtravels.com
www.GTEtravels.com

New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253 | Toll Free (855) 363-5848

# ഇന്ത്യൻപാർലമെന്റിന്റെ ചരിത്രപരമായ സമ്മേളനം

*ന്യൂഡൽഹി:* ഒരൊറ്റ രാജ്യം ഒരൊറ്റ നികുതി എന്ന സന്ദേശം ജി.എസ്.ടിയിലൂടെ നടപ്പിലാക്കിയ ചരിത്രപരമായ സമ്മേളനത്തിന് ഇന്ത്യൻ പാർലമെന്റ് സാക്ഷ്യം വഹിച്ചു.

രാഷ്ട്രപതി പ്രണബ് മുഖർജിയുടെ സാന്നിധ്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോഡി ജി.എസ്.ടി. നിലവിൽ വന്നതായി പ്രഖ്യാപിച്ചു. ഉപരാഷ്ട്രപതി ഡോ.ഹമീദ് അൻസാരി, സംസ്ഥാന മുഖ്യമന്ത്രിമാർ, ലോകസഭാ സ്പീക്കർ സുമിത്ര മഹാജൻ, ഇരുസഭകളിലെയും എം.പിമാർ എന്നിവർ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന ചടങ്ങിൽ സന്നിഹിതരായിരുന്നു.

അറുനൂറിലധികം പേർക്ക് ക്ഷണമുണ്ടായിരുന്നു. പ്രധാന പ്രതിപക്ഷപാർട്ടികളെല്ലാം വിട്ടുനിന്നു.

ദേശിയഗാനത്തെ തുടർന്ന് കേന്ദ്ര ധനമന്ത്രി ആമുഖപ്രഭാഷണം നടത്തി. പത്തുമിനിറ്റ് ദൈർഘ്യമുള്ള ജി.എസ്.ടി പ്രസന്റേഷനുശേഷം 23 മിനിറ്റ് പ്രധാന മന്ത്രി നരേന്ദ്ര മോഡിയും, 22 മിനിറ്റ് രാഷ്ട്രപതി പ്രണബ് മുഖർജിയും സംസാരിച്ചു. അർദ്ധരാത്രിയോടെ ജി.എസ്.ജി. ലോഞ്ച് ചെയ്തു. പിന്നാലെ പാർലമെന്ററികാര്യമന്ത്രി അനന്തകുമാർ ചടങ്ങുകൾ അവസാനിച്ചതായി അറിയിച്ചു. ദേശിയഗാനത്തോടെ ചടങ്ങുകൾ അവസാനിച്ചു.

# കെ.കെ.വേണുഗോപാൽ അറ്റോർണി ജനറൽ ഓഫ് ഇന്ത്യ



*ന്യൂഡൽഹി:* സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനും മലയാളിയുമായ കെ.കെ.വേണുഗോപാലിനെ കേന്ദ്രസർക്കാറിന്റെ ഏറ്റവും ഉയർന്ന നിയമ ഉദ്യോഗസ്ഥനായി നിയമിച്ചു. രാഷ്ട്രപതി പ്രണബ് മുഖർജിയാണ് നിയമനം നടത്തിയത്.

അറ്റോർണി ജനറലായിരുന്ന മുകുൾ റോഹ്തഗിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്നാണ് കെ.കെ.വേണുഗോപാലിനെ ആ സ്ഥാനത്തേക്ക് നിയമിച്ചത്. 1960 മുതൽ സുപ്രീം കോടതിയിൽ സേവനമനുഷ്ഠിക്കുന്ന വേണുഗോപാൽ അറിയപ്പെടുന്ന ഭരണഘടനാ വിദഗ്ദ്ധനാണ്. മൊറാർജി ദേശായി പ്രധാനമന്ത്രിയായിരിക്കെ അഡീഷണൽ സോളിസിറ്റർ ജനറലായിരുന്ന ഇദ്ദേഹം 2 ജി സ്പെക്ട്രം അടക്കമുള്ള കേസുകളിൽ കോടതിയെ സഹായിക്കാനുള്ള അമിക്കസ് ക്യൂറിയായും പ്രവർത്തിച്ചിട്ടുണ്ട്.

# അധികാരം നിലനിർത്താൻ ബ്രിട്ടീഷ് പ്രധാമന്ത്രി ചെലവിട്ടത് 100 കോടി പൗണ്ട്



*ലണ്ടൻ:* വടക്കൻ അയർലണ്ടിനു നേരെത്തെ പ്രഖ്യാപിച്ചതിൽ അധികമായി 100 കോടി ഡോളറിന്റെ ധനസഹായം നൽകാമെന്നു സമ്മതിച്ച് ബ്രിട്ടനിലെ തെരേസാ മേ സർക്കാർ അധികാരം നിലനിർത്തി.

മേയുടെ ന്യൂനപക്ഷ സർക്കാരിനു പിന്തുണ നൽകാൻ ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടി മുന്നോട്ടുവെച്ച ഉപാധി അംഗീകരിച്ചുകൊണ്ടാണ് അധിക ധനസഹായം നൽകുന്നത്.

രാജ്ഞിയുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയം, ബജറ്റ്, ബ്രെക്സിറ്റ് നിയമങ്ങൾ എന്നിവ ഉൾപ്പെടെ പ്രധാന പ്രശ്നങ്ങളിലെല്ലാം മേയുടെ കൺസർവേറ്റീവ് സർക്കാരിന് അനുകൂലമായി ഡി.യു.പി എം.പിമാർ വോട്ടു ചെയ്യും. 650 അംഗ പാർലമെന്റിൽ കൺസർവേറ്റീവ് കക്ഷിക്ക് കേവല ഭൂരപക്ഷത്തിന് എട്ട് സീറ്റിന്റെ കുറവാണുണ്ടായിരുന്നത്. ഡി.യു.പി പിന്തുണ ഉറപ്പായതോടെ മേ സർക്കാരിനു തൽക്കാലം ഭീഷണിയില്ല.

തൽക്കാലം ഭീഷണി ഒഴിവായെങ്കിലും മേ സർക്കാരിന്റെ നില സുരക്ഷിതമല്ലെന്നാണ് സൂചന. 1966ലെ വടക്കൻ അയർലൻഡ് സമാധാന ഉടമ്പടിക്ക് ഡിയുപിയുമായുള്ള കരാർ ദോഷം ചെയ്തേക്കാമെന്നു ചില കൺസർവേറ്റീവ് നേതാക്കൾ ആശങ്കപ്പെട്ടിട്ടുണ്ട്.




# ബീഫിന്റെ പേരിലുള്ള അക്രമത്തിന് അറുതി വരുത്തണം: രാഷ്ട്രപതി



*ന്യൂഡൽഹി:* പശു സംരക്ഷണത്തിന്റെ പേരിലും ബീഫിന്റെ പേരിലും രാജ്യത്തെമ്പാടും വർദ്ധിച്ചുവരുന്ന ആൾക്കൂട്ടങ്ങളുടെ അക്രമ കൊലപാതകത്തിനെതിരെ രാഷ്ട്രപതി പ്രണബ് മുഖർജി. ഇത്തരം ആക്രമങ്ങൾക്ക് എത്രയും വേഗം അറുതി വരുത്തണമെന്നു രാഷ്ട്രപതി ആവശ്യപ്പെട്ടു.

വിശ്വാസങ്ങൾ സംബന്ധിച്ചുള്ള ഇന്ത്യയുടെ അടിസ്ഥാന സ്വഭാവം സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ അടിസ്ഥാന വർഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ജാഗ്രത ഇപ്പോൾ ഉണ്ടോയെന്ന് രാഷ്ട്രപതി ആരാഞ്ഞു. ആൾക്കൂട്ടങ്ങളുടെ അക്രമങ്ങളും കൊലപാതകങ്ങളും നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്നു. ഇത് അവസാനിപ്പിക്കേണ്ടതാണ്. നമ്മൾ മതിയായ ജാഗ്രതയിലാണെന്നു പ്രതിഫലിപ്പിക്കേണ്ട സമയമാണിതെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

# കള്ളപ്പണക്കാർക്ക് പ്രധാനമന്ത്രിയുടെ കർശന താക്കീത്



*ന്യൂഡൽഹി:* ജി.എസ്.ടി നിലവിൽ വന്നതിനു പിന്നാലെ കള്ളപ്പണക്കാർക്ക് കർശന താക്കീതുമായി പ്രധാനമന്ത്രി നരേന്ദ്രമോദി.

കള്ളപ്പണം ഒളിപ്പിക്കാൻ സഹായിക്കുന്നവർക്കെതിരെ കർശന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്നു അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യത്തൽ രാഷ്ട്രീയ കുരുക്കുകളെക്കുറിച്ച് ഒരാശങ്കയുമില്ല.

ഡൽഹി ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യയുടെ 66-മത് സ്ഥാപകദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതുക്കിയ സിലബസും ഉദ്ഘാടനം ചെയ്തു.

രണ്ടുവർഷത്തിനുള്ളിൽ സ്വിസ് ബാങ്കിൽ നിന്നുള്ള വിവരങ്ങൾ ഇന്ത്യക്കു കൈമാറുന്ന സംവിധാനം വരുന്നതോടെ കള്ളപ്പണം നിക്ഷേപിച്ചിരിക്കുന്നവർ കർശന നടപടികൾ നേരിടേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

ആദായനികുതിയടക്കമുള്ളവരിൽ 32 ലക്ഷം പേർ മാത്രമാണ് 10 ലക്ഷം രൂപയിൽ അധികം വരുമാനമുള്ളത്. ഇതു വിശ്വസിക്കാനാവുന്നതല്ല. നികുതി അടയ്ക്കുക എന്നത് രാജ്യത്തെ പൗരന്മാർക്കു തന്നെ നേട്ടമുണ്ടാക്കുന്ന കാര്യമാണ്. ഈ പണം കൊണ്ട് സഹായമാകുന്നത് മുതിർന്നവർക്കും പാവപ്പെട്ടവർക്കും സൈനികർക്കുമാണ്.



## മദ്യനയത്തിന് പിന്നിൽ വൻ അഴിമതി: എം.എം.ഹസ്സൻ



*കോഴിക്കോട്:* ഇടതുസർക്കാരിന്റെ മദ്യനയത്തിന് പിന്നിൽ വൻ അഴിമതിയുണ്ടെന്നും ഇത് അന്വേഷിക്കണമെന്നും കെ.പി.സി.സി.പ്രസിഡന്റ് എം.എം.ഹസ്സൻ കോഴിക്കോട്ട് പത്രസമ്മേളനത്തിൽ മാധ്യപ്രവർത്തകരോട് പറഞ്ഞു. തെരഞ്ഞെടുപ്പ് സമയത്ത് എൽ.ഡി.എഫിനെ സഹായിച്ച മദ്യലോബിയെ മാത്രം സഹായിക്കുന്ന നയത്തിനു പിന്നിൽ അഞ്ഞൂറു കോടിയുടെ അഴിമതിയുണ്ടെന്നാണ് മദ്യക്കച്ചവടക്കാർ അടക്കം പറയുന്നതെന്ന് ഹസ്സൻ പറഞ്ഞു.

മൂന്നാർ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് റവന്യു മന്ത്രി പങ്കെടുക്കാതെ നടന്ന ഉന്നതതലയോഗം ഇടതുസർക്കാരിന് കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടതിന്റെ അവസാനത്തെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു. റവന്യു മന്ത്രി പങ്കെടുക്കാതെ ഉന്നതതല യോഗം വിളിച്ചു ചേർത്തതു ശരിയാണോയെന്ന് മുഖ്യമന്ത്രി പരിശോധിക്കണം. കുടിയേറ്റ കർഷകർക്കുവേണ്ടിയല്ല, കൈയ്യേറ്റക്കാരായ റിസോർട്ട് മാഫിയയ്ക്കുവേണ്ടി മാത്രമാണ് സർക്കാർ ഇടപെടൽ നടത്തുന്നത്.

നടി ആക്രമിക്കപ്പെട്ട വിഷയം ചർച്ച പോലും ചെയ്യാത്ത നടന്മാർ മാധ്യമപ്രവർത്തകരോടു ക്ഷുഭിതരാകേണ്ട കാര്യമില്ലായിരുന്നു. സിനിമയിലെ താരാധിപത്യം പോലെ സംഘടനയിലെ പുരുഷാധിപത്യം പ്രകടമാക്കുന്ന താരസംഘടനക്ക് അമ്മ എന്നതിനുപകരം അച്ഛൻ എന്ന പേരാണ് കൂടുതൽ യോജിക്കുന്നതെന്ന് ഹസ്സൻ പറഞ്ഞു.

## ഹൈക്കോടതി പരിഗണനയിൽ ഉള്ള വിഷയത്തിന്മേൽ എന്തു ചർച്ചയെന്ന് കാനം



*കോട്ടയം:* ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൻമേൽ എന്തു ചർച്ച ചെയ്യാനാണെന്ന് സി.പി.ഐ സംസ്ഥാന ജനറൽ സെക്രട്ടറി കാനം രാജേന്ദ്രൻ.

മൂന്നാർ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തു വിളിച്ചുചേർത്ത യോഗത്തിൽ റവന്യു മന്ത്രി പങ്കെടുക്കാത്ത സാഹചര്യത്തിലായിരുന്നു കോട്ടയത്തു കാനത്തിന്റെ പ്രതികരണം. നിയമപരമായി ചെയ്യാനുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒരു സ്ഥലം ഒഴിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്നു. അതു റദ്ദാക്കണമെന്നാണ് ആവശ്യം.

യോഗം ആർക്കും എപ്പോൾ വേണമെങ്കിലും വിളിക്കാം. നിയമമനുസരിച്ചേ കാര്യങ്ങൾ നടക്കൂ- കാനം പറഞ്ഞു.

## എല്ലാത്തരം വിമർശനങ്ങളേയും ഉൾക്കൊള്ളുന്നു: എം.എൽ.എ മുകേഷ്



*കൊല്ലം:* എല്ലാത്തരം വിമർശനങ്ങളെയും ഉൾക്കൊള്ളുന്നുവെന്ന് മുകേഷ് എം.എൽ.എ.

തുടക്കക്കാരൻ എന്ന നിലയിൽ പലതരം ശാസനകളും ഉപദേശങ്ങളും സ്വീകരിക്കുന്നു. നല്ല നേതാവാകാനാണ് വിമർശനങ്ങളെന്ന് മനസ്സിലാക്കുന്നു. രാഷ്ട്രീയത്തിൽ തുടക്കക്കാരനാണെന്നും തെറ്റുകൾ സ്വാഭാവികമാണെന്നും മുകേഷ് വ്യക്തമാക്കി.

അമ്മയുടെ വാർത്താസമ്മേളനത്തിൽ മോശമായി സംസാരിച്ചിട്ടില്ല. നടിയെ ആക്രമിച്ച കേസിൽ അന്വേഷണം ശരിയായ രീതിയിലാണ് പുരോഗമിക്കുന്നതെന്ന് മുകേഷ് മാധ്യമങ്ങളോടു പറഞ്ഞു.

# പിൻതുണ തേടി മീരാ കുമാർ



*തിരുവനന്തപുരം:* സംസ്ഥാനത്തെ എം.എൽ.മാരുടെയും എം.പി.മാരുടെയും വോട്ടുകൾ തേടി രാഷ്ട്രപതിസ്ഥാനാർത്ഥി മീരാ കുമാർ മസ്കറ്റ് ഹോട്ടലിൽ.

രാജ്യത്തെ ഇന്നത്തെ അവസ്ഥയാണ് എൽ.ഡി.എഫിനെയും യുഡിഎഫിനെയും ഒരുമിച്ചു നിർത്താൻ പ്രേരകമായത്.

രാജ്യത്തിന്റെ മതനിരപേക്ഷതയുടെ പ്രതീകമാണ് മീരാ കുമാറെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, വി.എസ്.അച്യുതാനന്ദൻ, ഉമ്മൻചാണ്ടി, മന്ത്രി കെ.ബാലൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അബ്ദുറബ്ബ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## നടി ആക്രമിക്കപ്പെട്ട സംഭവം: അന്വേഷണം ഉടൻ പൂർത്തിയാക്കണമെന്ന് ബെഹ്റ



*തിരുവനന്തപുരം:* നടി ആക്രമിക്കപ്പെട്ട സംഭവത്തിൽ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കണമെന്ന് ഉദ്യോഗസ്ഥന്മാർക്ക് ഡി.ജി.പി ലോക് നാഥ് ബെഹ്റയുടെ നിർദ്ദേശം.

കേസിന്റെ അന്വേഷണം നടത്തുന്ന ഐ.ജി ദിനേന്ദ്ര കശ്യപ്, മേൽനോട്ടം വഹിക്കുന്ന എ.ഡി.ജി.പി. ബി.സന്ധ്യ എന്നിവരെ നേരിട്ട് വിളിച്ചു വരുത്തി കേസിന്റെ അന്വേഷണ പുരോഗതി ഡി.ജി.പി. ചോദിച്ചറിഞ്ഞുവെന്നാണ് റിപ്പോർട്ട്.

കേസിൽ ഗൂഢാലോചന നടന്നിട്ടുണ്ടെങ്കിൽ പ്രതികൾ ആരാണെങ്കിലും മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

അന്വേഷണം ശരിയായ രീതിയിലല്ല മുന്നോട്ടുപോകുന്നതെന്ന് മുൻ ഡി.ജി.പി സെൻകുമാർ കുറ്റപ്പെടുത്തിയിരുന്നു. ആരോപണം അന്വേഷിക്കുന്ന ബി.സന്ധ്യയോടു ഉന്നത ഉദ്യോഗസ്ഥരോട് ആലോചിച്ചിട്ട് പ്രവർത്തിച്ചാൽ മതിയെന്ന് സെൻകുമാർ ഉത്തരവിറക്കിയിരുന്നു.

## ഗുരു നിത്യചൈതന്യയതി സ്മാരക സൗഹൃദ മുദ്ര പുരസ്കാരം പന്തളം രാജായ്ക്ക്



*മാവേലിക്കര:* ഗുരു നിത്യചൈതന്യയതി സ്മാരക സൗഹൃദമുദ്ര പുരസ്കാരം പന്തളം വലിയ രാജ പി.രാമവർമ്മ രാജയ്ക്ക് കണ്ണൂർ സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ.അലക്സാണ്ടർ കാരയ്ക്കൽ നൽകി.

ശബരിമല ശ്രീ അയ്യപ്പശാസ്താവിന്റെ പിതൃസ്ഥാനീയനാണ് തൊണ്ണൂറ്റിയെട്ടുവയസ്സുകാരനായ വലിയ രാജ. മാവേലിക്കര എം.എൽ.എ. ആർ.രാജേഷ്, ഫൗണ്ടേഷൻ ഡയറക്ടർ ജോർജ് തഴക്കര, പ്രസിഡന്റ് ചുനക്കര ജനാർദ്ദനൻനായർ, സെക്രട്ടറി ടി.ആർ.രാജേന്ദ്രൻ, ഭരണസമിതി അംഗങ്ങളായ അനി വർഗീസ്, പ്രൊഫ.എൻ.പരമേശ്വരൻ, പ്രൊഫ.രാധാമണിക്കുഞ്ഞമ്മ, മിനി ജോർജ്, വി.പി.ജയചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സ്മാരകപ്രഭാഷണം ഡോ.അലക്സാണ്ടർ കാരയ്ക്കൽ നിർവ്വഹിച്ചു. എസ്.എസ്.എൽ.സി.പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടികളെ ആർ.രാജേഷ് പതക്കവും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

## റിഫാത്തിന്റെ കുഞ്ഞൻ ഉപഗ്രഹം ചരിത്രത്തിലിടം നേടി



*വാഷിംഗ്ടൺ:* നാസയുടെ ബഹിരാകാശ ഉപഗ്രഹവിക്ഷേപണ ചരിത്രത്തിൽ ഇന്ത്യയ്ക്ക് വൻ അഭിമാനം.

ഇന്ത്യൻ വിദ്യാർത്ഥികൾ നിർമ്മിച്ച ഏറ്റവും ചെറിയ ഉപഗ്രഹമാണ് നാസ വിക്ഷേപിച്ചത്.

റിഫാത്ത് ഷാരൂഖിന്റെ നേതൃത്വത്തിൽ ആറംഗസംഘം വികസിപ്പിച്ചെടുത്ത 64 ഗ്രാം ഭാരമുള്ള ഉപഗ്രഹമാണ് വിക്ഷേപിച്ചത്.

മുൻ രാഷ്ട്രപതി അബ്ദുൾ കലാമിന്റെ പേരിൽ വികസിപ്പിച്ചെടുത്ത ഉപഗ്രഹമാണ് കലാംസാറ്റ്.

നാസയും ഐ ഡൂഡിളും ചേർന്ന് സംഘടിപ്പിച്ച ക്യൂബ്സ് ഇൻ സ്പേസ് മത്സരത്തിൽ നിന്നാണ് റിഫാത്തിന്റെ കുഞ്ഞൻ ഉപഗ്രഹം തെരഞ്ഞെടുത്തത്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇന്ത്യൻ വിദ്യാർത്ഥികളുടെ പരീക്ഷണങ്ങൾ നാസ ഏറ്റെടുത്തത്.

സ്മാർട്ട് ഫോണിനെക്കാളും ചെറിയ ഉപഗ്രഹത്തിന് 3.8 സെ.മീ.നീളം. 3 ഡി പ്രിന്റിംഗ് സാങ്കേതിക വിദ്യ ആദ്യമായി ബഹിരാകാശത്ത് പരീക്ഷിക്കാനാണ് ഉപഗ്രഹം ഉപയോഗിച്ചത്. സ്പേസ് കീഡ്സ് ഇന്ത്യയുടെ സി.ഇ.ഒ ഡോ.കേശവന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടന്നത്.

## തൊഴിൽപരിശീലനം ഉറപ്പാക്കേണ്ടത് അനിവാര്യം: രാജാ കൃഷ്ണമൂർത്തി




*ഡാളസ്:* കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന അമേരിക്കൻ വിദ്യാർത്ഥികൾക്ക് തൊഴിൽ കണ്ടെത്താനുള്ള സാധ്യതകൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് ചിക്കാഗോയിലുള്ള ഇന്ത്യൻ വംശജനും യു.എസ്.കോൺഗ്രസ്മാനുമായ രാജാ കൃഷ്ണമൂർത്തി.

ജൂൺ 24ന് ഡാളസിൽ കൃഷ്ണമൂർത്തിയുടെ തെരഞ്ഞെടുപ്പ് ഫണ്ട് സമാഹരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതിന് അനുകൂലമായി പെർക്കിൻഡ് ആക്ട് റിപ്പബ്ലിക്കൻ പ്രതിനിധി തോംപ്സണും ചേർന്ന് യു.എസ്. ഹൗസിൽ അവതരിപ്പിച്ച ലൊവോട്ടിനിട്ട് ഐക്യകണ്ഠ്യേന പാസാക്കിയതായും കൃഷ്ണമൂർത്തി പറഞ്ഞു.

ഡാളസ് ഫ്രണ്ട്സ് ഓഫ് കൃഷ്ണമൂർത്തി എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഇർവിംഗിലുള്ള ചെട്ടിനാട് റസ്റ്ററന്റിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് ഡോ.പ്രസാദ് അധ്യക്ഷത വഹിച്ചു. 2018ൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വീണ്ടും ഷിക്കാഗോയിൽ നിന്നും മത്സരിക്കുമെന്നും ഇതിനായി ഏവരുടെയും പിൻതുണ അദ്ദേഹം ആവശ്യപ്പെട്ടു.

## മഞ്ച് ദ്വിദിനസെമിനാർ സമാപിച്ചു

ഫ്രാൻസീസ് തടത്തിൽ



*ന്യൂജേഴ്സി:* മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (മഞ്ച്) യുടെ ആഭിമുഖ്യത്തിൽ സ്ട്രോക്ക് ബോധവത്കരണ സെമിനാർ സമാപിച്ചു. ന്യൂജേഴ്സി ലിവിംഗ്സ്റ്റണിൽ ഐസ്നോവർ പാർക്കിലുള്ള നെറ്റ്സ് ഓഫ് കൊളംബസ് ഹാളിലാണ് സെമിനാർ നടന്നത്.

ന്യൂബോൺസ് വീക്കിലെ റോബർട്ട് വുഡ് ജോൺസൺ മെഡിക്കൽ സെന്ററുമായി ചേർന്ന് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും ഓരോ ബ്ലഡ് പ്രഷർ മോണിറ്ററിംഗ് മെഷിൻ, ആരോഗ്യപരിപാലത്തിനുവേണ്ട ഉപകരണങ്ങൾ അടങ്ങിയ കിറ്റ് എന്നിവ സൗജന്യമായി നൽകി.

റോബർട്ട് വുഡ് ജോൺസൺ മെഡിക്കൽ സെന്ററിലെ സ്ട്രോക്ക് കോർഡിനേറ്ററും അസോസിയേഷൻ ഓഫ് സ്ട്രോക്ക് കോർഡിനേറ്റേഴ്സ് കൺസാർഷ്യം പ്രസിഡന്റുമായ വർഷസിംഗ് എം.എൽ.എൻ ആയിരുന്നു ക്ലാസുകൾ നയിച്ചത്.

മഞ്ച് പ്രസിഡന്റ് സജിമോൻ ആന്റണി, ട്രഷറർ പിന്റോ ചാക്കോ, വൈസ് പ്രസിഡന്റ് ഡോ.സുജ ജോസ് എന്നിവർ പ്രസംഗിച്ചു.

## കെ.എച്ച്.എൻഎയുടെ അന്തർദേശിയ സംഗമത്തിനു കൊടിയേറി

*ഷിക്കാഗോ:* കേരള ഹിന്ദൂസസ് ഓഫ് നോർത്ത് അമേരിക്കയുടെ ഒമ്പതാമത് അന്തർദേശിയ ഹൈന്ദവസംഗമത്തിനു കൊടിയേറി. 4വരെ നീണ്ടുനിൽക്കുന്ന സംഗമത്തിൽ സ്വാമി ബോധാനന്ദ സരസ്വതി, സ്വാമി ചിദാനന്ദ പുരി, ഡോ.എൻ.ഗോപാലകൃഷ്ണൻ, പ്രശസ്ത സാഹിത്യകാരനായ സി.രാധാകൃഷ്ണൻ, കവി മധുസൂദനൻനായർ എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുക്കും.

ചലച്ചിത്രനടൻ സുരേഷ് ഗോപി എം.പി, പിന്നണിഗായകരായ വിജയ് യേശുദാസ്, ജ്യോത്സന, ബാലഭാസ്കർ എന്നിവരുടെ ഗാനസന്ധ്യ, സദനം ബാലകൃഷ്ണൻ, കോട്ടയ്ക്കൽ മധു, കലാമണ്ഡലം ശിവദാസ് തുടങ്ങിയ പതിനഞ്ചിൽപ്പരം കലാകാരന്മാർ പങ്കെടുക്കുന്ന കഥകളി, മുടിയേറ്റ്, തെയ്യം, ഓട്ടൻതുള്ളൽ, തെന്നിന്ത്യൻ താരം ഫ്യൂഷൻ പ്രതിഭ രാജകുമാരിയുടെ കൺസേർട്ട് എന്നിവയും നടക്കും.

## കേരളാ റൈറ്റേഴ്സ് ഫോറം പ്രതിമാസ ചർച്ച പരിപാടി നടന്നു



ഹ്യൂസ്റ്റൺ കേന്ദ്രമായി പ്രവർത്തിക്കുന്ന എഴുത്തുകാരുടെയും സാഹിത്യകാരന്മാരുടെയും നിരൂപകരുടെയും വായനക്കാരുടെയും സംയുക്ത സംഘടനയായ കേരളാ റൈറ്റേഴ്സ് ഫോറം ഹ്യൂസ്റ്റണിലെ സ്റ്റോഫോർഡിലുള്ള കേരളാ ഹൗസ് ഓഡിറ്റോറിയത്തിൽ കൂടി.

കേരള റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് മാത്യു നെല്ലിക്കുന്ന് അദ്ധ്യക്ഷത വഹിച്ചു. അനിൽകുമാർ ആറന്മുള മോഡറേറ്ററായിരുന്നു. മേരി കുരവക്കൽ രചിച്ച കവിതാപാരായണത്തോടെ സാംസ്കാരിക സമ്മേളനത്തിനു തുടക്കമായി.

തുടർന്ന് നമ്മുടെ നീതിന്യായവ്യവസ്ഥകളും അതിലെ പാളിച്ചകളും എന്ന വിഷയത്തെ ആസ്പദമാക്കി എ.സി. ജോർജ് പ്രഭാഷണം നടത്തി. ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും നീതിന്യായപാലകരുടെ വിജയപരാജയങ്ങളെ ഹൃസ്വമായി വിവരിച്ചു. ശശിധരൻനായർ, വൽസൻ മഠത്തിൽപറമ്പിൽ, കുര്യൻ മ്യാലിൽ, മാത്യു വെള്ളാമറ്റം, ജോയി മാത്യു, ജോസഫ്, ജോൺ മാത്യു, ദേവരാജ് കാരാവള്ളി, പീറ്റർ പൗലോസ്, തോമസ് ചെറുകര, ബാബു കുരവക്കൽ, ഗ്രേസി മാത്യു നെല്ലിക്കുന്ന്, പൊന്നു പിള്ള, ബോബി മാത്യു, പൊടിയമ്മ പിള്ള, റോയി തീയ്യാടിക്കൽ, ജോസഫ് ജേക്കബ്, ബാബു തെക്കേക്കര, ഷാജി പാംസ്, ജോസഫ് തച്ചാറ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## നെഴ്സിംഗ് സമൂഹത്തിന്റെ ഐക്യദാർഢ്യം

*ഡാളസ്:* മെച്ചപ്പെട്ട വേതന വ്യവസ്ഥയ്ക്കായി പോരാടിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സ്വകാര്യമേഖലയിലെ നഴ്സിംഗ് സമൂഹത്തിനു അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനകളിലൊന്നായ കേരളാ അസോസിയേഷൻ ഓഫ് ഡാളസും ഇന്ത്യാ കൾച്ചറൽ ആൻഡ് എഡ്യുക്കേഷൻ സെന്ററും സംയുക്തമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ഇന്ത്യയ്ക്കു വെളിയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി സമൂഹങ്ങളിലെ മുൻഗാമികൾ എന്നു വിശേഷിപ്പിക്കാവുന്ന ഈ വിഭാഗം പഠനകാലത്തു വളരെയേറെ ചെലവുകൾ വഹിച്ചാണ് പഠനം പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ പഠിച്ചിറങ്ങുന്ന നഴ്സുമാർ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്നത് പരിതാപകരമായ അവസ്ഥയിലാണ്. ഇതിനു മാറ്റമുണ്ടാവണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

## ഇന്ത്യൻ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അവാർഡിന് എൻട്രികൾ ക്ഷണിക്കുന്നു

*ന്യൂയോർക്ക്:* നോർത്ത് അമേരിക്കൻ പ്രവാസി സമൂഹത്തിൽ ഫ്രീലാൻസ് പത്രപ്രവർത്തകർ, പ്രവാസി എഴുത്തുകാർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയ മേഖലകളിൽ കഴിവു തെളിയിച്ചിട്ടുള്ള വ്യക്തികൾക്ക് ഇന്ത്യൻ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അവാർഡുകൾ നൽകുന്നു.

അപേക്ഷകർ അമേരിക്കയിൽ സ്ഥിരതാമസക്കാരായിരിക്കണം. ലിറ്ററി അവാർഡിനുള്ള അപേക്ഷകർ അവരുടെ ബയോഡേറ്റയും പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളുടെ പേരുകളും ഫ്രീലാൻസ് ജേർണലിസ്റ്റ് അപേക്ഷകർ അടുത്തകാലത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങളും വാർത്താകുറിപ്പുകളും ലിങ്കുകളും ബയോഡേറ്റയും സാമൂഹിക പ്രവർത്തകർ അവരുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണവും നൽകേണ്ടതാണ്.

ഫ്രീലാൻസ് അവാർഡ് കമ്മിറ്റി ചെയർമാനായി ഇന്ത്യ പ്രസ് ജോയിന്റ് സെക്രട്ടറി പി.പി.ചെറിയാനും കമ്മിറ്റി അംഗങ്ങളായി ജോയിച്ചൻ പുതുക്കുളം, സുനിൽ തൈമറ്റം തുടങ്ങിയവരും ലിറ്ററി അവാർഡ് കമ്മിറ്റി ചെയർമാനായി ഇന്ത്യാ പ്രസ് ക്ലബ് വൈസ് പ്രസിഡന്റ് രാജു പള്ളത്തും കമ്മിറ്റി അംഗങ്ങളായി ജെ.മാത്യൂസ്, ജോസ് കാടാപ്പുറം എന്നിവരും പ്രവർത്തിക്കും.

സാമൂഹിക പ്രവർത്തക അവാർഡ് കമ്മിറ്റിയുടെ ചുമതല പ്രസ് ക്ലബ് ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ജോബി ജോർജിനാണ്. ജീമോൻ ജോർജ്, ജയിംസ് വർഗീസ് തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളാണ്.

അവാർഡ് ജേതാക്കൾക്ക് ഓഗസ്റ്റ് 24 മുതൽ 26 വരെ തീയതികളിൽ ഷിക്കാഗോയിൽ നടക്കുന്ന ദേശീയ കോൺഫറൻസിൽ അവാർഡുകൾ വിതരണം ചെയ്യും.

കൂടുതൽ വിവരങ്ങൾക്ക്: പി.പി.ചെറിയാൻ 214 450 4107, രാജു പള്ളത്ത് 732 429 9529, ജോബി ജോർജ് 215 470 2400

## നോർത്ത് അമേരിക്കൻ ഫിലിം അവാർഡ് നൈറ്റ് 22ന്




**ഷോളി കുമ്പിളുവേലി**

*ന്യൂയോർക്ക്:* ഫ്രീഡിയ എന്റർടൈൻമെന്റും ഫ്ളവേഴ്സ് ടി.വിയും സംയുക്തമായി 22ന് നടത്തുന്ന രണ്ടാമത് നോർത്ത് അമേരിക്കൻ ഫിലിം അവാർഡ് നൈറ്റിന്റെയും (നാഫാ) സിനിമാ താരങ്ങൾ ഉൾപ്പെടെ പ്രശസ്ത കലാകാരന്മാർ പങ്കെടുക്കുന്ന മെഗാ എന്റർടൈൻമെന്റിന്റെയും ക്രമീകരണങ്ങൾ പുരോഗമിക്കുന്നതായി ഫ്രീഡിയ എന്റർടൈൻമെന്റ് പ്രസിഡന്റ് ഡോ.ഫ്രീമു വർഗീസ്, ഡയറക്ടർമാരായ ആനി ലിബു, സജി ഹെഡ്ജ്, ഡയസ് ദാമോദരൻ എന്നിവർ അറിയിച്ചു.

വൈകുന്നേരം 5ന് ബ്രോങ്ക്സ് ലീമാൻ കോളജ് ഓഡിറ്റോറിയത്തിലാണ് അവാർഡ് നൈറ്റും കലാപരിപാടികളും അരങ്ങേറുക. നിവിൻപോളി, മഞ്ജുവാര്യർ, മധു, രഞ്ജി പണിക്കർ, ബോബൻ കുഞ്ചാക്കോ, ബിജു മേനോൻ, അജു വർഗീസ്, ടോവിൻ തോമസ്, ജോജോ ജോർജ്, നീരജ് മാധവ്, ചെമ്പൻ വിനോദ്, വിനയ് ഫോർട്ട്, സോബിൻ സഹീർ, ആശാ ശരത്, ഭാവന, അപർണ തുടങ്ങിയ പ്രശസ്തരായ സിനിമാ താരങ്ങൾ പങ്കെടുക്കും. രമേഷ് പിഷാരടിയും സംഘവും അവതരിപ്പിക്കുന്ന കോമഡി ഷോ പരിപാടികൾക്ക് മികവേകും. പ്രശസ്ത വയലിനിസ്റ്റ് മനോജ് ജോർജ് നേതൃത്വം നൽകുന്ന മ്യൂസിക് ടീമിൽ മലയാളികളുടെ പ്രിയപ്പെട്ട ഗായകരായ ഉണ്ണിമേനോൻ, വാണി ജയറാം, സയനോര, സൂരജ്, സംഗീത സംവിധായകൻ ബിജിപാൽ എന്നിവരും പങ്കെടുക്കും.

75 ഡോളർ മുതൽ 500 ഡോളർ വരെയാണ് ടിക്കറ്റ് നിരക്ക്. 1000 ഡോളറിന്റെ പാക്കേജ് എടുത്താൽ 21 വെള്ളിയാഴ്ച വൈകിട്ട് മൻഹാട്ടിൽ നടത്തുന്ന ഡിന്നർ ക്രൂസിലും ലൈവ് മ്യൂസിക്കിലും പങ്കെടുക്കുന്നതിനോടൊപ്പം 22ന് നടക്കുന്ന അവാർഡ് നൈറ്റിലും മുൻനിരയിൽ ഇരിപ്പിടം ലഭിക്കുന്നതാണ്. ലീമാൻ കോളജ് പരിസരത്ത് സ്ട്രീറ്റ് പാർക്കിംഗ് ലഭ്യമാണ്. കൂടാതെ അഞ്ചു ഡോളർ നൽകിയാൽ പാർക്കിംഗ് ലോട്ടിലും സൗകര്യം ലഭിക്കും. കോൺഫിഡന്റ് ഗ്രൂപ്പ് കിച്ചൻ ട്രഷേഴ്സ്, ജോയി ആലുക്കാസ് എന്നിവരാണ് പരിപാടികളുടെ മുഖ്യ സ്പോൺസേഴ്സ്.

കൂടുതൽ വിവരങ്ങൾക്ക് ആനി ലിബു 347 640 1295, സജി ഹെഡ്ജ് 516 433 4310, രാജു 516 348 4755

## സംയുക്ത ഓർത്തഡോക്സ് വെക്കേഷനൽ ബൈബിൾ സ്കൂൾ 5 മുതൽ

**മൊയ്തീൻ പുത്തൻചിറ**

*ന്യൂയോർക്ക്:* ബ്രൂക്ക് ക്ലിൻ, ക്യൂൻസ്, ലോംഗ് ഐലന്റ് പ്രദേശങ്ങളിലെ 10 മലങ്കര ഓർത്തഡോക്സ് പള്ളികളുടെ നേതൃത്വത്തിൽ സംയുക്ത വെക്കേഷനൽ ബൈബിൾ സ്കൂൾ നടത്തുന്നു. 5 മുതൽ 7 വരെയാണ് ക്ലാസുകൾ. 8.30 മുതൽ 3.30വരെ. ഔവർ ലേഡി ഓഫ് ലോർഡ്സ് ആർ.സി.ചർച്ച് സ്കൂളിൽ വച്ചാണ് ക്ലാസുകൾ. ഫാ.ഗ്രിഗറി വർഗീസ്, ഫാ.ഫിലോമോൻ ഫിലിപ്പ്, ഫാ.ദിലീപ് ചെറിയാൻ എന്നിവർ നേതൃത്വം നൽകും. നാലു മുതൽ 16വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ബൈബിൾ വോളന്റിയർമാരുമടങ്ങുന്ന ഒരു സംഘം ഏരിയാ കോർഡിനേറ്റർ ഡോ. മിനി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികളായി പ്രവർത്തിക്കുന്നു.

ഓരോ ദിവസവും സഭയിലെ യുവവൈദികരും യുവജനങ്ങളും നേതൃത്വം നൽകുന്ന ക്ലാസുകൾ വിജ്ഞാനപ്രദവും രസകരവുമാക്കിത്തീർക്കുവാൻ ഉതകുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

എല്ലാവർക്കും നന്മ ചെയ്യുവിൻ എന്നതാണ് വിഷയം. ആർട്സ് ആന്റ് ക്രാഫ്റ്റ്സ് ക്ലാസുകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. പങ്കെടുക്കുന്ന കുട്ടികൾ ബൈബിൾ കൊണ്ടുവരേണ്ടതാണ്. എല്ലാവർക്കും ടീഷർട്ടും പാട്ടുപുസ്തകവും പാഠപുസ്തകവും നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഡോ. മിനി ജോർജ് 516 816 2372

## കെ.എച്ച്.എൻ.എയുടെ യുവ ദേശിയ സമിതി രൂപീകരിച്ചു

കെ.എച്ച്.എൻ.എയുടെ പ്രവർത്തനത്തിനു ശക്തി പകർന്നുകൊണ്ട് യുവ ദേശിയ സമിതിക്ക് രൂപം നൽകി. നോർത്ത് കരോലിനയിലെ ഷാർലട്ടിലെ ഹിന്ദു സെന്ററിൽ യുവജന കുടുംബസംഗമത്തിനു യുവ കോർഡിനേറ്റർ രഞ്ജിത് നായർ, യുവ കൺവൻഷൻ ചെയർ അംബിക ശ്യാമള, യുവ വൈസ് ചെയർമാൻ ബിനീഷ് വിശ്വംഭരൻ, അനീഷ് രാഘവൻ, അജയ് നായർ എന്നിവർ നേതൃത്വം വഹിച്ചു.

വാഗ്മിയും ശാസ്ത്രജ്ഞനുമായ ഡോ.എൻ.ഗോപാലകൃഷ്ണന്റെ ഭാരതീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ധന്യമായ ജീവിതം നയിക്കുവാൻ പ്രചോദനം പകരുന്ന ക്ലാസുകൾ മുതിർന്നവർക്കും യുവാക്കൾക്കും സത്സംഗത്തിനു വേദിയായി.

കെ.എച്ച്.എൻ.എ പ്രസിഡന്റ് സുരേന്ദ്രൻ നായർ, ജനറൽ സെക്രട്ടറി രാജേഷ് കുട്ടി, ജോയിന്റ് സെക്രട്ടറി കൃഷ്ണരാജ്മോഹൻ, ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ രതീഷ് നായർ, ഡയറക്ടർ ബോർഡ് മെമ്പർ മനോജ് കൈപ്പിള്ളി, യുവ കോർഡിനേറ്റർ രഞ്ജിത് നായർ, യുവ വൈസ് ചെയർമാൻ ബിനീഷ് വിശ്വംഭരൻ എന്നിവർ നേതൃത്വം നൽകി.

## ദുക്റോനോ അനുസ്മരണം 7 മുതൽ



*ഷിക്കാഗോ:* സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ കാവൽപിതാവും ഭാരതസഭയുടെ അപ്പസ്തോലനുമായ പരിശുദ്ധ തോമാശ്ലീഹായുടെ ദുക്റോനോ അനുസ്മരണം 7 മുതൽ 9 വരെ ആചരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അഹമ്മദബാദ് ഭദ്രാസനാധിപനും കുന്നംകുളം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയുമായ ഡോ.ഗീവറുഗീസ് മാർ യൂലിയോസ് പെരുനാൾ ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിക്കും. ഷിക്കാഗോയിലുള്ള സഹോദരീ സഭകളുടെ ഇടയന്മാർ ശുശ്രൂഷകൾക്ക് സഹകാർമികത്വം വഹിക്കും.

2 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക വികാരി ഫാ.ഹാം ജോസഫ്, ഡീക്കൻ ജോർജ് പൂവത്തൂർ എന്നിവർ ചേർന്ന് കൊടിയേറ്റും.

7 വെള്ളിയാഴ്ച വൈകിട്ട് 6.30ന് സന്ധ്യാനമസ്കരവും തുടർന്ന് വചനശുശ്രൂഷയും നടക്കും. 8ന് രാവിലെ 11 മുതൽ 9 വരെ ഇടവക പെരുനാളിനോടനുബന്ധിച്ച് ഹാർവെസ്റ്റ് ഫെസ്റ്റിവല്ലും ഭക്ഷ്യകാലമേളയും ഉണ്ടായിരിക്കും. 6.30ന് സന്ധ്യാനമസ്കാരം, പ്രഭാഷണം, പ്രദിക്ഷണം ധൂപപ്രാർത്ഥന. 9 ഞായറാഴ്ച രാവിലെ 8.30ന് പ്രഭാതനമസ്കാരം. വിശുദ്ധ കുർബാന, റാസ, നേർച്ചവിളമ്പ് എന്നിവയോടെ പെരുനാൾ ആഘോഷങ്ങൾ സമാപിക്കും. ഷിക്കാഗോ ചെണ്ട ക്ലബിന്റെ നേതൃത്വത്തിലുള്ള ചെണ്ടമേള റാസക്ക് കൊഴുപ്പേകും.

പെരുനാളിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കുന്നതായി ഇടവക വികാരി ഫാ.ഹാം ജോസഫ്, ട്രസ്റ്റി ഷാജൻ വർഗീസ്, സെക്രട്ടറി കോശി ജോർജ് എന്നിവരറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ഫാ.ഹാം ജോസഫ് 708 856 7490, കോശി ജോർജ് 224 489 8166, ഷാജൻ വർഗീസ് 847 997 8253.

For Advertisement
Tel: 267-991-2111
CONTACT US

# കാവ്യലോകം പരിപാടിയിൽ പ്രൊഫ. വി. മധുസൂദനൻ നായർ പങ്കെടുക്കും



*ഷിക്കാഗോ:* ഡിട്രോയിറ്റിൽ നടക്കുന്ന അന്തർദേശീയ ഹിന്ദു സംഗമത്തിൽ തന്റെ കാവ്യലോകം എന്ന പരിപാടി നടക്കും.

പിന്നിട്ട കാവ്യവഴികളെക്കുറിച്ച് പ്രൊഫ.വി.മധുസൂദനൻനായർ വിഷയാവതരണം നടത്തും.

തിരുവിതാംകൂറിന്റെ നാട്ടറിവുകളും പ്രാചീന ദ്രാവിഡ സംസ്കൃതിയുടെ തനതായ ശീലുകളും സമർത്ഥമായി സമന്വയിപ്പിച്ച് മലയാള കവിതാശാഖയെ നാട്ടിൻപുറങ്ങളിൽപോലും താളാത്മ അനുഭൂതികളാക്കി മാറ്റിയ മധുസൂദനൻനായർ തന്റെ തെരഞ്ഞെടുത്ത കവിതകളും കാവ്യരചനയിലെ അനുഭവങ്ങളും പങ്കുവയ്ക്കും. തുടർന്നു നടക്കുന്ന സാഹിത്യവിചാരത്തിൽ ഭാരതീയ സാഹിത്യ ദർശനം, അണിമയും മഹിമയും എന്ന വഷയം ഡോ. ശശിധരൻ അവതരിപ്പിക്കും. കഥാകാരൻ സി.രാധാകൃഷ്ണൻ വിഷയാവലോകനം നടത്തും. പരിപാടിയുടെ വിജയത്തിനായി സാഹിത്യ സാംസ്കാരിക പ്രവർത്തകരെ പ്രസിഡന്റ് സുരേന്ദ്രൻ നായർ ക്ഷണിക്കുന്നതായി സതീശൻ നായർ അറിയിച്ചു.

# ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗൺ ഹെൽത്ത് സ്ക്രീനിംഗ് ക്യാമ്പ് നടത്തി



*ഡിട്രോയിറ്റ്:* ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗൺ കേരള ക്ലബുമായി സഹകരിച്ച് കമ്യൂണിറ്റി ഡേയിൽ പൊതുജനങ്ങൾക്കായി ഹെൽത്ത് സ്ക്രീനിംഗ് ക്യാമ്പ് നടത്തി. സ്ക്രീനിംഗിൽ ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ബ്ലഡ് പ്രഷർ മോണിറ്റർ, ബ്ലഡ് ഷുഗർ പരിശോധന, ബി.എം.ഐ എന്നീ ടെസ്റ്റുകൾ നടത്തി. സ്തുതർഹ്യസേവനം അനുഷ്ഠിച്ച നഴ്സുമാർക്ക് കേരളാ ക്ലബ് പുഷ്പങ്ങളും പ്ലാക്കുകളും നൽകി ആദരിച്ചു. അമ്പത്തിയഞ്ച് വർഷത്തെ ത്യാഗപൂർണ്ണമായ സേവനത്തിനു മറിയാമ്മ തോമസിനെ പ്രത്യേകം ആദരിച്ചു.

ഐനാം പ്രസിഡന്റ് സരോജ സാമുവേൽ, വൈസ് പ്രസിഡന്റ് കെ.സി.ജോൺസൺ, സെക്രട്ടറി ഡെയ്സൺ ചാക്കോ, ജോയിന്റ് സെക്രട്ടറി സിനു ജോസഫ്, ട്രഷറർ അന്നമ്മ മാത്യൂസ് എന്നിവരും മറ്റ് കമ്മിറ്റി അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

# ബാറ്റ്മിന്റൻ ടൂർണമെന്റ് സമാപിച്ചു



*ന്യൂയോർക്ക്:* ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന ബാറ്റ്മിന്റൻ ടൂർണമെന്റ് സമാപിച്ചു. മത്സരത്തിൽ 28 ടീമുകൾ പങ്കെടുത്തു. എൻ.വൈ.എം.എസ്.സി ക്ലബിന്റെ ആറാമത്തെ മത്സരമാണിത്.

വിർജിനിയ, ടെക്സസ്, ഷിക്കാഗോ, ഇന്ത്യാന, ന്യൂയോർക്ക്, ഫിലഡൽഫിയ തുടങ്ങിയ നഗരങ്ങളിൽ നിന്നുള്ള കളിക്കാർ മികച്ച പ്രകടനം കാഴ്ചവെച്ചു. വാശിയേറിയ ഈ മത്സരങ്ങൾ കാണാൻ വൻ ജനാവലി തന്നെയുണ്ടായിരുന്നു. കാണികളുടെ പ്രതീക്ഷകൾക്കൊപ്പം കളിക്കാർ കളിച്ച് തിമിർത്തപ്പോൾ കോമൺവെൽത്ത് മൈതാനം കേരളത്തിന്റെ കളിയാരവത്തിന്റെ പ്രതീതി ഉളവാക്കി.

ജോയൽ, നെവിൻ എന്നീ കളിക്കാർ നയിച്ച ഫിലാഡൽഫിയ ടീം ഒന്നാം സമ്മാനം കരസ്ഥമാക്കി. തോമസ് മാത്യു ഈസ്റ്റ് ജോസ്റ്റ് ക്യാപ്റ്റൻ, മോർട്ഗെജ് കമ്പിനി മേധാവിയാണ് സ്പോൺസർ. ക്യാപ്റ്റന്മാരായ ഗ്രെയ്സ്, സുബിൻ എന്നിവർ ട്രോഫികൾ ഏറ്റുവാങ്ങി. ഇത് സ്പോൺസർ ചെയ്തത് റോബി വർഗീസ്, ഡഗൻസ്റ്റൺ എലിമെന്റ് റിയൽടി മേധാവിയാണ്. മൂന്നാം സ്ഥാനം ചിക്കാഗോ ടീമിന്. ഷെറിൻ, ജെറി എന്നിവർ സമ്മാനങ്ങൾ ഏറ്റുവാങ്ങി.

# സൗത്ത് വെസ്റ്റ് അമേരിക്കൻ ഓർത്തഡോക്സ് ഭദ്രാസനം ഡാളസ് ഏരിയ ഫാമിലി കോൺഫറൻസ് 15ന്

*ഡാളസ്:* സൗത്ത് വെസ്റ്റ് അമേരിക്കൻ ഓർത്തഡോക്സ് ഭദ്രാസനത്തിന്റെ ഡാളസ് ഏരിയ ഫാമിലി കോൺഫറൻസ് ജൂലൈ 15ന് ഡാളസ് സെന്റ് മേരീസ് വലിയ പള്ളിയിൽ നടക്കും.

കണ്ടനാട് ഭദ്രാസനാധിപൻ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയാണ് മുഖ്യപ്രഭാഷകൻ. ഈ വർഷത്തെ ചിന്താവിഷയം ക്രിസ്തീയതയും അതിന്റെ പ്രഘോഷണവും ഒരു ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വവും എന്നതാണ്.

റവ.ഫാ.ബിനു തോമസ് ജനറൽ കൺവീനറായി പ്രവർത്തിക്കുന്നു. ജിജു ജോണാണ് കൺവീനർ. ഫാ.ജോൺ കുന്നത്തുശേരിൽ, ഫാ.രാജു ദാനിയേൽ, ഫാ.സി.ജി.തോമസ്, ഫാ.ചെറിയാൻ കുന്നേൽ, ഫാ.തമ്പാൻ വർഗീസ്, ഫാ.ജയിംസ് ചെറിയാൻ, ഫാ.ജോഷ്വാ ജോർജ്, ഫാ.ക്രിസ്റ്റഫർ മാത്യു എന്നിവർ നേതൃത്വം നൽകും.




# സെന്റ് തോമസ് പെരുനാൾ 2ന് സമാപിക്കും

ജോൺ പണിക്കർ




*ഫിലാഡൽഫിയ:* സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ കാവൽപിതാവായ വിശുദ്ധ തോമാശ്ലീഹായുടെ പെരുനാൾ 2ന് സമാപിക്കും.

2 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിക്കും. ഇടവക വികാരി ഫാ.എം.കെ. കുര്യാക്കോസ്, സഹവികാരി ഫാ. സുജിത് തോമസ് എന്നിവർ സഹകാർമികരായിരിക്കും. സ്നേഹവിരുന്നോടെ ഈ വർഷത്തെ പെരുനാൾ സമാപിക്കും.

# സൗത്ത് വെസ്റ്റ് അമേരിക്കൻ ഓർത്തഡോക്സ് ഭദ്രാസനം ഡാളസ് ഏരിയ ഫാമിലി കോൺഫറൻസ് 15ന്



*ഹൂസ്റ്റൺ:* ഡിട്രോയിറ്റിൽ 4 വരെ കെ.എച്ച്.എൻ.എ കൺവൻഷൻ നടക്കും.

സൗഹൃദം തിയറ്റേഴ്സ് ഹൂസ്റ്റൻ അവതരിപ്പിക്കുന്നു ദുര്യോധന്റെ കുരുക്ഷേത്രം.

നോർത്ത് അമേരിക്കയിലെ മികച്ച നർത്തകർ അവതരിപ്പിക്കുന്ന കൺവൻഷനിലെ നൃത്തോത്സവത്തിൽ ഭാരതീയ നാട്യകലകളിൽ അന്തർദേശിയ രംഗത്ത് പ്രശസ്തരായ ഡോ.സുനന്ദാ നായരുടെ ശിക്ഷണത്തിൽ കലാകാരികൾ പങ്കെടുക്കും. പല്ലാവൂർ ശ്രീധരന്റെ നേതൃത്വത്തിൽ നടക്കുന്ന വാദ്യമേളങ്ങളിൽ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ സോപാന സംഗീത വിദ്വാൻ പല്ലശന ശ്രീജിത്ത് മാരാർ പങ്കെടുക്കും.

കെ.എച്ച്.എൻ.എയുടെ വളർച്ച എക്കാലത്തും ശക്തമായ പിന്തുണ നൽകിയിട്ടുള്ള ക്ഷേത്രനഗരിയായ ഹൂസ്റ്റണിലെ ഹൈന്ദവ സമുദായത്തിൽ നിന്ന് മുപ്പതിലേറെ കുടുംബങ്ങളുടെ നേതൃത്വത്തിലാണ് കൺവൻഷൻ. സുരേന്ദ്രൻ നായർ രജിസ്ട്രഷന്റെ ചുമതല വഹിക്കുന്നു. ഡയറക്ടർ ബോർഡ് അംഗം രഞ്ജിത് നായരും കെ.എച്ച്.എൻ.എ ഹൂസ്റ്റൺ കോർഡിനേറ്റർ വിനോദ് വാസുദേവനുമാണ്.

# നിര്യാതരായി

## മാത്യു തോമസ്



*ഡാളസ്:* 1978ൽ അമേരിക്കയിൽ കുടിയേറിയ കോഴഞ്ചേരി കീഴുകര പെല്ലേലിൽ മാത്യു തോമസ് (അച്ചൻകുഞ്ഞ് 73) നിര്യാതനായി.

കഴിഞ്ഞ മുപ്പതു വർഷമായി ഹൂസ്റ്റണിൽ മാരത്തോൺ ഓയിൽ കോർപ്പറേഷനിൽ എഞ്ചിനീയറായിരുന്നു.

കോഴഞ്ചേരി വലിയത്തുമണ്ണിൽ കുഞ്ഞുകുഞ്ഞമ്മയാണ് ഭാര്യ. ഏക മകൻ ബേബി തോമസ് (ഫാർമസിസ്റ്റ്, ഡാവീറ്റ കമ്പനി, ഡാളസ്), മരുമകൾ: എമി തോമസ് (ഫാർമസിസ്റ്റ്, ബെയിലർ ഹോസ്പിറ്റൽ ഇർവിംഗ്), കൊച്ചുമക്കൾ: സ്റ്റീഫൻ, അലീസൺ. സഹോദരങ്ങൾ അനിയൻ മാത്യു (കോഴഞ്ചേരി), ലാലി മാത്യു (കോട്ടയം).

സംസ്കാരം ജൂൺ 26ന് കോപ്പൽ റോളങ് ഫ്യൂണറൽ ഹോമിൽ നടന്നു.

ഷാജി രാമപുരം അറിയിച്ചതാണിത്.

അനുശോചനത്തിന് പി.ടി. ചാക്കോ 214 762 9421

## അന്ന ഏബ്രഹാം



*ഫ്ളോറിഡ:* കൊട്ടാരക്കര, പനവേലി, മാന്തോട്ടത്തിൽ ഏബ്രഹാം ഡേവിഡിന്റെ ഭാര്യ അന്നമ്മ (75 വയസ്) ഫോർട്ട് ലോഡർഡെയിൽ നിര്യാതയായി.

സംസ്കാരം 8 ശനിയാഴ്ച സൗത്ത് ഫ്ളോറിഡ മാർത്തോമ ചർച്ചിൽ.

പൊതുദർശനം 7 വെള്ളിയാഴ്ച വൈകിട്ട് സൗത്ത് ഫ്ളോറിഡ മാർത്തോമ ദേവാലയത്തിൽ

മക്കൾ അജി ഏബ്രഹാം, രാജി ജിനു. മരുമക്കൾ: ഷാരൻ ഏബ്രഹാം, ജിനു വർഗീസ്. കൊച്ചുമക്കൾ: കെയ്റ്റിലിൻ, ആഞ്ചലിൻ, ഷെർലിൻ, ജിബിൻ, ജെസ്സിൻ.

## ലിസി ഉണ്ണൂണ്ണി



*ന്യൂയോർക്ക്:* കൊട്ടാരക്കര, പുത്തൂർ കുളങ്ങര ആലിന്റെ തെക്കേതിൽ പരേതനായ കെ.ഉണ്ണൂണ്ണിയുടെ (പുത്തൂർ ഹൈസ്കൂൾ അദ്ധ്യാപകൻ) ഭാര്യ ലിസി ഉണ്ണൂണ്ണി ന്യൂയോർക്കിൽ ജൂൺ 28ന് നിര്യാതയായി. സംസ്കാര ശുശ്രൂഷ 3ന് ഐലന്റ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിൽ.

സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് പ്രധാന കാർമികത്വം വഹിക്കും. ഇടവക വികാരി റവ.ഡോ. യോഹന്നാൻ ശങ്കരത്തിൽ കോർ എപ്പിസ്കോപ്പയും വൈദികശ്രേഷ്ഠരും പങ്കെടുക്കും.

പരേത കായംകുളം പുതുപ്പള്ളി പാറക്കാട്ടിൽ പരേതനായ പി.സി.തോമസിന്റെയും(റിട്ട. പോസ്റ്റ്മാസ്റ്റർ), സാറാമ്മയുടെയും മകളാണ്.

മക്കൾ: കോശി തോമസ്, ജോർജ്. മാത്യൂസ്. മരുമക്കൾ: ആൻ. ആൻസി, സിനി, റോസ്. ഒമ്പത് കൊച്ചുമക്കൾ. എല്ലാവരും ന്യൂയോർക്കിൽ.

## ഇന്ത്യൻ വംശജൻ കൊല്ലപ്പെട്ടു

*ക്യൂൻസ്:* ഇന്ത്യൻ വംശജനും അമേരിക്കയിലെ ക്യൂൻസിലെ കാർ ഡ്രൈവറുമായ ഷരൺജിത് സിംഗ് (26) കൊല്ലപ്പെട്ടു.

സഹതാമസക്കാരനും ബന്ധുവുമായ ലവ്ദീപ് സിംഗാണ് കുത്തിക്കൊന്നത്. ക്യൂൻസ് അറ്റ്ലാന്റിൽ അവന്യുവിലുള്ള അപ്പാർട്ട്മെന്റിലെ മൂന്നാം നിലയിൽ ഇരുവരും ഒരുമിച്ചായിരുന്നു താമസം.

2013ൽ ഇന്ത്യയിൽ നിന്നുമെത്തിയ ഷരൺജിത് ക്യൂസിൽ കാർ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇന്ത്യയിലാണ്. കൊലപ്പെടുത്തുവാനുള്ള കാരണം വ്യക്തമായിട്ടില്ലെന്നാണ് പൊലീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രതികരണം.

പ്രതി കുറ്റം സമ്മതിച്ചതായും സംഭവത്തിൽ മാപ്പപേക്ഷിച്ചതായും ക്യൂൻസിലെ ഡിസ്ട്രിക്ട് അറ്റോർണി റിച്ചാർഡ് എ ബ്രൗൺ പത്രസമ്മേളനത്തിൽ അറിയിച്ചു. പ്രതിയെ ജാമ്യം കൂടാതെ ജയിലിലടച്ചു. ജൂൺ 20ന് ഇദ്ദേഹത്തെ കോടതിയിൽ ഹാജരാക്കും.



ഷിക്കാഗോ: മോർട്ടൺഗ്രോവ് സെന്റ് മേരീസ് നടന്ന ഫാദേഴ്സ് ഡേ ആചരണത്തിൽനിന്നും. അസി.വികാരി ഫാ.ബോബൻ വട്ടംപുറത്തും ആദരവിൽ പങ്കെടുത്തവരും.

## ബെൽവുഡ് മാർത്തോമ്മശ്ലീഹാ കത്തീഡ്രലിൽ വി.തോമാ ശ്ലീഹായുടെ ദുക്റോനോ തിരുനാൾ 16ന് സമാപിക്കും

*ഷിക്കാഗോ:* സെന്റ് തോമാസ് സീറോ മലബാർ രൂപതയുടെ ഭദ്രാസന ദേവാലയമായ ബെൽവുഡ് മാർത്തോമ്മ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ ഭാരത അപ്പോസ്തലനും ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനുമായ വി.തോമാ ശ്ലീഹായുടെ ദുക്റോനോ തിരുനാൾ 16ന് സമാപിക്കും.

2 ഞായറാഴ്ച 11ന് വിശുദ്ധ കുർബാന. സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട് മുഖ്യകാർമികത്വം വഹിക്കും. 12.30ന് കൊടിയേറ്റ്. റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ മുഖ്യകാർമികത്വം വഹിക്കും. വൈകിട്ട് 5ന് വിശുദ്ധ കുർബാന. നോർത്ത് ബ്രൂക്ക് കത്തീഡ്രലിൽ.

3 തിങ്കളാഴ്ച രാവിലെ വിശുദ്ധ കുർബാന. വൈകിട്ട് 7ന് നടക്കുന്ന വി.കുർബാനയ്ക്ക് ഫാ.ജോസഫ് പാലയ്ക്കൽ സി.എം.ഐ. മുഖ്യകാർമികത്വം വഹിക്കും.

4ന് വൈകിട്ട് ഫാ.ഏബ്രഹാം മുത്തോലത്ത് (ഫൊറോനാ വികാരി സെക്രട്ട് ഹാർട്ട് ക്നാനായ ചർച്ച്), 5ന് റവ.ഫാ.ജോണിക്കുട്ടി പുലിശേരി (രൂപതാ ചാൻസിലർ), 6ന് നൊവേന റവ.ഫാ.വിൽസൺ കണ്ടങ്കേരി (സീറോ മലബാർ ചർച്ച് എഡിൻബർഗ്, ടെക്സാസ്), 7ന് വൈകിട്ട് റാസ. റവ.ഫാ.വിൽസൺ കണ്ടശേരി, റവ.ഫാ. ബോബി തോമസ് വട്ടംപുറത്ത്, റവ.ഫാ.ജോർജ് മാളിയേക്കൽ എന്നിവർ മുഖ്യാതിഥികളായിരിക്കും. വൈകിട്ട് 7ന് മലബാർ സീറോ മലബാർ കൾച്ചറൽ അക്കാദമിയുടെ വിവിധ പരിപാടികൾ.

8 ശനിയാഴ്ച വൈകിട്ട് ഇംഗ്ലീഷിൽ വിശുദ്ധ കുർബാന. നൊവേന. ബിഷപ്പ് മാർ ജോയി ആലപ്പാട്ട് വിശുദ്ധ കുർബാന അർപ്പിക്കും. 9 ഞായറാഴ്ച രാവിലെ 9ന് വിശുദ്ധ കുർബാന. ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യകാർമിത്വം വഹിക്കും. ഫാ.ബോബ് ഹിൻസ് (ഔവർ ലേഡി ഓഫ് ബ്രൂക്ക് ചർച്ച്) സഹകാർമികനായിരിക്കും. ഫാ.തോമസ് മുളവനാൽ (വികാരി ജനറാൾ സെന്റ് മേരീസ് ക്നാനായ ചർച്ച്) സന്ദേശം നൽകും. തുടർന്ന് ഇടവകയുടെ പത്താം വാർഷികാഘോഷം.

16 ഞായറാഴ്ച പെരുനാൾ സമാപനം.

കൂടുതൽ വിവരങ്ങൾക്ക് റവ.ഡോ.അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ (വികാരി) 714 800 3648, റവ.ഡോ.ജയിംസ് ജോസഫ് എസ്.ഡി.ബി (അസി.വികാരി) പോൾ വടകര 708 307 1122, ലൂക്ക് ചിറയിൽ 630 808 2125, സിബി പാറേക്കാട്ട് 847 209 1142, ജോർജ് അമ്പലത്തിങ്കൽ 312 912 1762, ജോസഫ് കണിക്കുന്നേൽ 773 603 5660.

## ഔവർ ലേഡി ഓഫ് സ്നോസ് ചർച്ചിൽ വിശുദ്ധ അൽഫോൺസാമ്മയുടെ തിരുനാൾ

*ന്യൂയോർക്ക്:* ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലുള്ള ഔവർ ലേഡി ഓഫ് സ്നോസ് ചർച്ചിൽ വിശുദ്ധ അൽഫോൺസാമ്മയുടെ തിരുനാൾ 7 മുതൽ.

16 ഞായറാഴ്ച നടക്കുന്ന ദിവ്യബലിയിൽ ബ്രൂക്ക്ളിൻ ഭദ്രാസന സഹായമെത്രാൻ ബിഷപ്പ് ജയിംസ് മാസ്സാ പ്രധാന കാർമികത്വം വഹിക്കും. തുടർന്ന് വചനപ്രഘോഷണം.

ജൂലൈ 7 മുതൽ 9 വരെ എല്ലാ ദിവസവും രാവിലെ 9ന് നടക്കുന്ന ദിവ്യബലിക്കുശേഷം നൊവേനയും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് റവ.കെവിൻ മക്ബ്രയൻ (പാസ്റ്റർ) 718 347 6070. പാരീഷ് ഓഫീസ് 718 346 60 70. ജോസ് നെടുങ്കല്ലേൽ അറിയിച്ചതാണിത്.





# കലാക്ഷേത്രമായ കേരള കലാമണ്ഡലം

**ജോർജ് തഴക്കര**



സാംസ്കാരികലോകഭൂപടത്തിലെ കലാക്ഷേത്രമാണ് കേരള കലാമണ്ഡലം. കഥകളിയുടെ പുനരുജ്ജീവനം എന്ന ലക്ഷ്യത്തോടെയാണ് ഇതാരംഭിച്ചതെങ്കിലും തുള്ളൽ, മോഹിനിയാട്ടം, ഭരതനാട്യം, കൂടിയാട്ടം, പഞ്ചവാദ്യം തുടങ്ങിയവയുടെ സംരക്ഷിതമണ്ഡലമായും പരിശീലനകേന്ദ്രമായും കേരള കലാമണ്ഡലം മാറി. ഈ കലാരൂപങ്ങൾ അഭ്യസിപ്പിക്കുക, അവതരിപ്പിക്കുക, പ്രചരിപ്പിക്കുക എന്നതാണ് കേരളകലാണ്ഡലത്തിന്റെ ലക്ഷ്യം.

1920ലെ അവധിക്കാലത്ത് വള്ളത്തോൾ നാരായണമേനോനും നാലപ്പാട്ട് നാരായണമേനോനും സർദാർ കെ.എം.പണിക്കരുടെ അതിഥിയായി കുട്ടനാട് താലൂക്കിലെ കാവാലത്തുള്ള ചാലയിൽ തറവാട്ടിലെത്തി. കെ.എം.പണിക്കരുടെ വല്യമ്മാവനും കുടുംബകാരണവരുമായ ഇരവികേശവപ്പണിക്കരുടെ നിർദ്ദേശപ്രകാരം തകഴി അയ്യപ്പൻപിള്ള, കുഞ്ഞൻപണിക്കർ, ആശ്രിതനായ മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ എന്നിവർ തെക്കൻ രീതിയിലുള്ള കഥകളി അതിഥികൾക്കായി അവതരിപ്പിക്കുകയുണ്ടായി. പണിക്കരുടെ കറുത്ത നളൻ, കിർമ്മീരവധത്തിലെ ധർമ്മപുത്രൻ എന്നീ വേഷങ്ങൾ കണ്ട് ആശ്ചര്യപ്പെട്ട വള്ളത്തോൾ 'ഇങ്ങനെ ഒരു നടൻ ഇക്കാലത്തു ജീവിച്ചിരിപ്പുള്ളതായി അറിവില്ലായിരുന്നുവെന്നും ഇയാളോടുകൂടി ഈ കലതന്നെ നശിച്ചുപോകാൻ ഇടയുണ്ടെ'ന്നും അഭിപ്രായപ്പെട്ടു.

പുലിക്കോട്ടിൽ റമ്പാൻ എന്നറിയപ്പെടുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് കുന്നംകുളത്തുനിന്നും ആരംഭിച്ച ആത്മപോഷിണി മാസികയുടെ പത്രാധിപരായി ചുമതലയേറ്റ വള്ളത്തോൾ 1922ൽ കുന്നംകുളത്ത് വന്നു താമസിക്കുകയുണ്ടായി. മണക്കുളം സ്വരൂപത്തിലെ മൂപ്പിൽസ്ഥാനി കുഞ്ഞുണ്ണി വലിയതമ്പുരാന്റെ കളരിയിൽ കഥകളി അഭ്യസിപ്പിക്കുന്നുണ്ടെന്നറിഞ്ഞ ഒഴിവുസമയങ്ങളിൽ വള്ളത്തോൾ അവിടെ പോകുമായിരുന്നു. ചാലയിൽ കണ്ട തെക്കൻരീതിയും മണക്കുള്ളത്തുള്ള വടക്കൻ രീതിയും നിലനിർത്തിക്കൊണ്ട് ഒരു കഥകളി അഭ്യസനകേന്ദ്രം എന്ന ആശയം വള്ളത്തോളിൽ ബലപ്പെട്ടു.

നാടുവാഴികളുടെയും പ്രഭുക്കന്മാരുടെയും പരിലാളനയേറ്റു വളർന്ന കഥകളി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടെ അന്യംനിന്നുപോകുന്ന സാഹചര്യമാണുള്ളതെന്നു തിരിച്ചറിഞ്ഞ വള്ളത്തോൾ ഇളയതമ്പുരാൻ മുകുന്ദരാജായുമായി ഇക്കാര്യം ചർച്ച ചെയ്തു. പ്രഗത്ഭരായ കഥകളിവേഷക്കാരെയെല്ലാം ഇളയതമ്പുരാൻ വിളിച്ചുകൂട്ടി. ഒരു കമ്മിറ്റി രൂപീകരിച്ചു. ടിക്കറ്റുവെച്ച് നാലു ദിവസം കഥകളി അവതരിപ്പിച്ചു. നാനാഭാഗങ്ങളിൽ നിന്നും കഥകളി പ്രേമികൾ ഒത്തുകൂടി. അത് വിജയകരമായിരുന്നു. അതിനെ തുടർന്ന് തൃശൂരും (1097 മേടം), കോഴിക്കോട്ടും(1099 കന്നി) ആലപ്പുഴയിലും(1099 മീനം), ടിക്കറ്റുവെച്ച് കഥകളി അവതരിപ്പിച്ചു. കഥകളി എന്ന കലാരൂപം സാധാരണക്കാർക്കും മനസ്സിലാക്കുവാനുള്ള സാഹചര്യം ഉണ്ടായി. പൊതുജനാഭിപ്രായം കണക്കിലെടുത്ത് കഥകളിപ്രേമികളുടെ കൂടിച്ചേരലിനായി ഒരു സ്ഥാപനം ഉണ്ടാക്കുവാൻ വള്ളത്തോളും മുകുന്ദരാജായും തീരുമാനിച്ചു. 1099 കന്നിയിൽ കോഴിക്കോട്ട് പന്നിയങ്കരയിൽവെച്ച് നടന്ന കളികളിൽ ഉത്തര കേരളത്തിലെ പ്രമുഖരായ എല്ലാ വേഷക്കാരും പാട്ടുകാരും മേളക്കാരും പങ്കെടുത്തിരുന്നു. അതിനെ തുടർന്ന് 18 പേർ ചേർന്ന് കേരള കലാമണ്ഡലം എന്ന പേരിൽ കോഴിക്കോട്ട് ഒരു സംഘം രൂപീകരിച്ചു.

1927ൽ സംഘം സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. ആദ്യരക്ഷാധികാരി നിലമ്പൂർ മാനവേദൻ വലിയ രാജാവായിരുന്നു. വള്ളത്തോൾ അദ്ധ്യക്ഷനായി, മണക്കുളം മുകുന്ദരാജാ സെക്രട്ടറിയും കാവാലം ചാലയിൽ ഡോ.കെ.പി.പണിക്കർ ഖജാൻജിയുമായി. മഞ്ചേരി രാമയ്യർ, കെ.എം.നായർ, കോമാട്ടിൽ അച്യുതമേനോൻ എന്നിവർ അംഗങ്ങളായിരുന്നു.

1927 ഡിസംബറിൽ അഡയാറിൽ (തമിഴ്നാട്) ബ്രാഹ്മണവിദ്യാസംഘത്തിന്റെ അഖിലേന്ത്യ കൺവൻഷൻ നടക്കുന്നുണ്ടെന്നറിഞ്ഞ വള്ളത്തോളും മുകുന്ദരാജയും അവരുമായി ബന്ധപ്പെട്ടു. കൺവൻഷന്റെ സമാപനത്തിൽ കഥകളി അവതരിപ്പിച്ചു. കേരളത്തിന് പുറത്ത് ആദ്യമായി കഥകളി അവിടെ അവതരിപ്പിക്കപ്പെട്ടു. സമ്മേളനത്തിൽ പങ്കെടുത്ത അന്നത്തെ മദിരാശി എക്സിക്യൂട്ടീവ് കൗൺസിലിലെ അംഗമായിരുന്ന സർ.സി.പി.രാമസ്വാമി അയ്യർ കേരള കലാമണ്ഡലത്തിന്റെ പ്രവർത്തനത്തെ അഭിനന്ദിക്കുകയും സ്ഥാപനത്തിന്റെ സാമ്പത്തികപ്രതിസന്ധിക്ക് പരിഹാരമായി ഒരു ഭാഗ്യക്കുറി നടത്താനുള്ള അനുവാദം നൽകുകയും ചെയ്തു. വള്ളത്തോൾ, നാലപ്പാട്ട് നാരായണമേനോൻ, മുകുന്ദരാജാ എന്നിവർ തിരുവിതാംകൂറിലും മലബാറിലും കോഴിക്കോട്ടും ഭാഗ്യക്കുറി ടിക്കറ്റു വിൽപ്പനയ്ക്കായി ഇറങ്ങിത്തിരിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുവാൻ സർദ്ദാർ കെ.എം.പണിക്കരും മലയ തുടങ്ങിയ വിദേശരാജ്യങ്ങളിൽ സഞ്ചരിക്കാൻ കെ.പി.കേശവമേനോനും സഹായം ചെയ്തുകൊടുത്തു. കഥകളിയുടെ പ്രചരണാർത്ഥം നടത്തിയ ഈ സഞ്ചാരം സാംസ്കാരിക കേരളത്തിന്റെ നവോത്ഥാനയാത്രയായിരുന്നു.

1930 മേയ്മാസത്തിൽ ഗുരുവായൂരിൽ നാലുദിവസത്തെ കഥകളിമേള നടത്തി. ഭാഗ്യക്കുറിയുടെ നറുക്കെടുപ്പും ഇതിന്റെ ഭാഗമായി നടന്നു. ഭാഗ്യസമ്മാനങ്ങളും കഥകളിമേളയുടെ ചെലവുകളും കഴിഞ്ഞ് എഴുപത്തിയയ്യായിരത്തോളം രൂപ ലാഭം നേടി. ഈ തുക ഉപയോഗിച്ച് കഥകളിവിദ്യാലയം ആരംഭിക്കാൻ തീരുമാനിച്ചു. 1930 നവംബർ 9ന് കക്കാട് കോവിലകത്തുവെച്ച് കഥകളിവിദ്യാലയത്തിന്റെ ഉദ്ഘാടനം നടന്നു. കാരണവപ്പാട്ടിലെ കഥകളിയോഗവും, കളിക്കോപ്പുകളും കക്കാട് കാരണപ്പാട് സ്ഥാനിയായി മാറിയ മുകുന്ദരാജ തമ്പുരാൻ കലാമണ്ഡലത്തിനു കൈമാറി. ആദ്യബാച്ചിൽ ഏഴുപേർ ചേർന്ന് കഥകളി അഭ്യസനം തുടങ്ങി. കക്കാട്ടുകാരായ മാധവനും ശങ്കരനും മംഗലത്തുകാരായ കേളുവും ശിവശങ്കരനും വാഴേങ്കടക്കാരനായ കുഞ്ഞുണ്ണിയും പറവൂർകാരനായ ശിവരാമനും ചമ്പക്കുളത്തുകാരനായ ഗോപിനാഥനുമായിരുന്നു അവർ. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഒരു ഉപദേശസമിതിയുണ്ടായിരുന്നു. എലിന്തലക്കാട്ട് ഉണ്ണിത്തമ്പുരാൻ, വെങ്കിച്ചൻസ്വാമി, പെരിന്തലക്കാട്ട് കേശവൻതമ്പൂതിരി എന്നിവരായിരുന്നു ഉപദേശകസമിതിയിലെ അംഗങ്ങൾ.

ഗുരു കുഞ്ചുക്കുറുപ്പ്, വെള്ളിനേഴി കാര്യാട്ടിൽ കേശവൻ നായർ, പാട്ടുകാരൻ പുലാപ്പറ്റ രാമൻമൂത്താൻ ഭാഗവതർ എന്നിവർ ആദ്യ അദ്ധ്യാപകരായി. സാഹിത്യാദ്ധ്യാപകനായി കുട്ടിക്കൃഷ്ണമാരാർ സേവനം അനുഷ്ഠിച്ചിരുന്നു. തൃശൂർ ആസ്ഥാനമാക്കി രജിസ്ട്രേഷൻ നവീകരിച്ചു. മലയാളക്കരയിലെ കലാവിദ്യകളെ പ്രോത്സാഹിപ്പിക്കുക, കാലാനുസൃതമായി പരിഷ്കരിക്കുക, കഥകളി, നാടകം, ചാക്യാർകൂത്ത്, തുള്ളൽ തുടങ്ങിയവയ്ക്കുള്ള പരിശീലനം നൽകുക, കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക, സാഹിത്യം സംഗീതം, ചിത്രമെഴുത്ത് എന്നിവയിൽ പരിശീലനം നൽകുക എന്നതായിരുന്നു ലക്ഷ്യമെങ്കിലും കഥകളിക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്.

> കേരള കലാമണ്ഡലം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചതിന്റെ ശതാബ്ദിവർഷമാണിത്.

1931 ഏപ്രിൽ മാസത്തിൽ വിദ്യാലയത്തിന്റെ ആസ്ഥാനം അമ്പലപുരത്തുള്ള മുകുന്ദരാജാവ് താമസിച്ചിരുന്ന ശ്രീനിവാസം ബംഗ്ലാവിലേക്ക് മാറ്റി. ഇതോടെ കൂടുതൽ വിദ്യാർത്ഥികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടായി. ഇവിടെ പഠിച്ചുതുടങ്ങിയ ഒരുസംഘം വിദ്യാർത്ഥികൾ പിന്നീട് കഥകളിയുടെ ആചാര്യന്മാരായി അറിയപ്പെട്ടു. ആനന്ദശിവറാം, ഗുരു ഗോപിനാഥ്, പി.ഹരിദാസ്, എം.കേളുനായർ, വെള്ളിനേഴി നാണുനായർ, വാഴേങ്കട കുഞ്ചുനായർ, കലാമണ്ഡലം കൃഷ്ണൻനായർ, കൃഷ്ണൻകുട്ടിവാര്യർ എന്നിവരായിരുന്നു അവർ. അമ്പു പണിക്കർ, മലബാർ രാമൻനായർ, മാണി മാധവ ചാക്യാർ, അന്നമട പരമേശ്വരമാരാർ, മാധവിയമ്മ, ചിന്നമ്മുവമ്മ തുടങ്ങിയവർ വിവിധ കലാവിഭാഗങ്ങളിൽ പ്രാഗത്ഭ്യം നേടിയവരായിരുന്നു. ഇവർ പിന്നീട് കലാമണ്ഡലത്തിലെ അദ്ധ്യാപകരായും സേവനം അനുഷ്ഠിച്ചു.

1931 മെയ് 29ന് ജവഹർലാൽ നെഹ്റു കോളംബിലേക്ക് പോകുന്നവഴി തൃശൂരിലെത്തിയപ്പോൾ അദ്ദേഹത്തിനു നൽകിയ സ്വീകരണത്തിന്റെ ഭാഗമായി വിവേകോദയം ഹൈസ്കൂൾ അങ്കണത്തിൽ വെച്ച് കലാമണ്ഡലം കഥകളി അവതരിപ്പിക്കുകയുണ്ടായി. കഥകളിയുടെ ചരിത്രവും കഥയുടെ അവതരണവും മുദ്രകളും മുകുന്ദരാജാ നെഹ്റുവിന് ഇംഗ്ലീഷിൽ പറഞ്ഞു കൊടുത്തു.

1931ലും 32ലും നാടകരചനയ്ക്കും ചിത്രമെഴുത്തിനും മത്സരങ്ങൾ നടത്തി. കുട്ടനാടു കെ.രാമകൃഷ്ണപിള്ള എഴുതിയ തപ്തബാഷ്പത്തിന് നാടകവിഭാഗത്തിലും ക്രിസ്തുവും മഗ്ദലമറിയവും വരച്ച തൃപ്രയാർ ടി.ആർ. വെങ്കിടേശ്വരയ്യർ ചിത്രമെഴുത്ത് രചനയിലും ഒന്നാം സ്ഥാനം നേടി. നാടകത്തിന്റെ പ്രോത്സാഹനാർത്ഥം എസ്.പി.പിള്ള, പ്രേംജി എന്നിവരുൾപ്പെട്ട ഒരു നാടകസംഘം കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ വിവിധ ദേശങ്ങളിൽ നാടകം അവതരിപ്പിച്ചു. പാട്ടും പദ്യവും ഇല്ലാത്ത നാടകം ഗദ്യനാടകത്തിന്റെ പ്രചാരത്തിനു പ്രേരണയായി.

അവഗണിക്കപ്പെട്ടു കിടന്ന മോഹിനിയാട്ടത്തിന്റെ വളർച്ചയ്ക്കായി വള്ളത്തോളിന്റെ നിർദ്ദേശപ്രകാരം പാലക്കാട് പെരിങ്ങോട്ടു കുറിശ്ശിയിലെ ഒരിക്കലേടത്തു കല്യാണിയമ്മയെ ക്ഷണിച്ചുവരുത്തി വിദ്യാലയത്തിൽ ക്ലാസ് എടുപ്പിച്ചു. പഠിക്കാൻ പെൺകുട്ടികളെ കിട്ടാതിരുന്ന അക്കാലത്ത് കുന്നംകുളം ഹൈസ്കൂളിൽ പഠിച്ചിരുന്ന തങ്കമണി എന്ന വിദ്യാർത്ഥിനിയെ മോഹനിയാട്ടം പഠിക്കുന്നതിനായി കൂട്ടിക്കൊണ്ടുവന്നു.

പഞ്ചവാദ്യ പരിശീലനത്തെ തുടർന്ന് ചെണ്ട, മദ്ദളം, മിഴാവ് എന്നിവയ്ക്കും പ്രധാന്യം നൽകിക്കൊണ്ടുള്ള പഠനപരിശീലനം ആരംഭിച്ചു. കഥകളി പഠിക്കാൻ അമേരിക്കയിൽനിന്നും രാഗിണിദേവിയും അഹമ്മദബാദിൽനിന്നും ഹത്തിസിംഗും, ഹൈദരബാദിൽ നിന്നും സരോജിനി നായിഡുവിന്റെ സഹോദരി സനളിനീദേവിയും വന്നതോടെ കേരള കലാമണ്ഡലത്തിന് അഖിലേന്ത്യ പ്രശസ്തി കൈവന്നു.

കൊച്ചി ബോൾഗാട്ടി പാലസിൽവെച്ച് കൊച്ചി ദിവാനായിരുന്ന സി.ജി.ഹെർബർട്ടിന്റെ നിർദ്ദേശപ്രകാരം കൊച്ചി-തിരുവിതാംകൂർ പൊളിറ്റിക്കൽ ഏജന്റായിരുന്ന കേണൽ ഡി.എം.ഫീൽഡ്, മദിരാശി ധനകാര്യസെക്രട്ടറിയായിരുന്ന ഹോപ്പ്ടൗൺ സ്റ്റോക് എന്നിവർക്കായി 1932ൽ കഥകളി അവതരിപ്പിച്ചു. അവ

*പ്രഭാഷണം*

*കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച*

# കൊണ്ടുനടക്കേണ്ടുന്ന വലിയ സ്വപ്നം

പ്രൊഫ.എസ്.ശിവദാസ്



**മോ**ഹൻദാസ് എന്ന നാണംകുണുങ്ങിയായ പയ്യൻ. അല്പം ഇറച്ചി തിന്നുപോയി എന്നതിനാൽ വയറ്റിൽ കിടന്ന് ആടു കരഞ്ഞു എന്നു സ്വപ്നം കണ്ട കുട്ടി. നാലുപേർ നടന്നു പോയാൽ അവരെ നോക്കുവാൻ ധൈര്യമില്ലാത്ത കുട്ടിയായിരുന്നു. ഈ കുട്ടി എങ്ങനെയാണ് പിൽക്കാലത്ത് ഒരു രാജ്യത്തിലെ ജനങ്ങളുടെ ഹൃദയത്തെ നിയന്ത്രിക്കുന്ന മഹാശക്തനായി മാറിയത്. ഒരു ദുർബലനായ മനുഷ്യൻ. അത്ഭുതമല്ലെ വാസ്തവത്തിൽ? എങ്ങനെ മോഹൻദാസ് എന്ന കുട്ടി മഹാത്മാഗാന്ധി എന്ന പ്രതിഭാസമായി. ജീവിതത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ ഞാൻ ജീവിക്കുന്നത് ഒരു വക്കീൽ ജോലി ചെയ്യാനോ വിവാഹം കഴിച്ച് രണ്ടുമൂന്നു കുട്ടികളുണ്ടാകാനോ ഒരു കുടുംബത്തിൽ ഒതുങ്ങാനോ അല്ല. ഒരു വലിയ ദൗത്യം എനിക്കുണ്ട്. ഒരു മഹാരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ, അതിന്റെ തനിമയെ, നിലനില്പിനെ തിരിച്ചെടുക്കാനുള്ള ഒരു വലിയ ദൗത്യം എനിക്കുണ്ട്. ഞാൻ ജനിച്ചത് എനിക്കുവേണ്ടിയല്ല എന്ന തിരിച്ചറിവുണ്ടായപ്പോഴാണ് അദ്ദേഹം ഉണർന്നതും വളർന്നതും വിവരിക്കാനാവാത്ത പ്രതിഭാസമായതും. വെറുതെയല്ല ടാഗോർ മഹാത്മാ എന്നു വിളിച്ചത്. വെറുതെയല്ല ഐൻസ്റ്റിൻ പറഞ്ഞത്, ഇങ്ങനെ ഒരു മനുഷ്യൻ ലോകത്ത് ജീവിച്ചിരുന്നുവെന്ന് വിശ്വസിക്കാൻ പോലും അടുത്ത തലമുറ വിഷമിക്കുമെന്ന്. ഒരു മനുഷ്യനു വരുന്ന പരിണാമമാണിത്.

മറ്റൊരു കുട്ടി: ക്ലാസിലിരിക്കുമ്പോൾ സാറു ചോദിച്ചു; നീ ആരാകാൻ ആഗ്രഹിക്കുന്നു. ഓരോരുത്തരും ഓരോ കാര്യങ്ങൾ പറഞ്ഞു. മഹാറാണിയാകണമെന്നും പടത്തലവനാകണമെന്നും ചക്രവർത്തിയാകണമെന്നുമൊക്കെ പറഞ്ഞു. പണ്ടത്തെ കഥയാണ്. അന്ന് എഞ്ചിനീയറും ഡോക്ടറുമൊന്നുമില്ല. അതുകൊണ്ട് അങ്ങനെയൊന്നും ആരും പറഞ്ഞില്ല. നമ്മുടെ പയ്യൻമാത്രം ഒന്നും പറഞ്ഞില്ല. കുറെനേരമായി ടീച്ചർ അവനെ ശ്രദ്ധിക്കുന്നു. അവൻ ഒരക്ഷരം പറയുന്നില്ല. നരേന്ദ്രനോട് എഴുന്നേൽക്കാൻ പറഞ്ഞു. നീ ആരാകാൻ ആഗ്രഹിക്കുന്നുവെന്ന് ചോദിച്ചു. അവൻ ചുറ്റുമൊന്നു നോക്കി. എനിക്ക് ഒരു കുതിരക്കാരനാകണം. ക്ലാസിലുള്ളവരെല്ലാം ചിരിച്ചു. സാറും ചിരിച്ചു. കുട്ടിയ്ക്ക് വലിയ സങ്കടമായി. കരഞ്ഞുകൊണ്ടാണ് അവൻ വീട്ടിലേക്ക് കയറിയത്. അമ്മ അവനെ ചേർത്തുപിടിച്ച് മുഖമൊക്കെ തുടച്ചു. നിനക്ക് എന്താ പറ്റിയതെന്നു ചോദിച്ചു. ക്ലാസിലെ കാര്യമെല്ലാം അവൻ പറഞ്ഞു. അതെന്തിനാ നീ കുതിരക്കാരനാകുന്നത്? 'എന്നും രാവിലെ സ്കൂളിൽ പോകുന്നത് കുതിരവണ്ടിയിലല്ലേ. ഞാൻ പുറകിലല്ലെ ഇരിക്കുന്നത്. കുതിരക്കാരൻ കടിഞ്ഞാണും പിടിച്ചു നയിക്കുന്നത് കാണുമ്പോൾ എനിക്ക് എപ്പോഴും ആഗ്രഹമാണ്.' അമ്മ അവനെ ആശ്വസിപ്പിച്ചു. നീ കുതിരക്കാരനായാൽ മതി. പയ്യനു സന്തോഷമായി. നരേന്ദ്രന്റെ കൈയിൽ പിടിച്ച് അമ്മ വീടിന്റെ മുൻവശത്തേക്ക് കൊണ്ടുപോയി. അവിടെ ഒരു മുറിയുണ്ട്. അതിന്റെ വാതിൽ തുറന്നു. പൂജാമുറിയുടെ ഭിത്തിയിൽ ഒരു വലിയ ചിത്രം തൂക്കിയിട്ടിട്ടുണ്ട്. അപ്പോഴാണ് കുട്ടി ശ്രദ്ധിച്ച് ആ ചിത്രം കാണുന്നത്. ഒരു കുതിരവണ്ടി. കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് ഒരാൾ ചിരിക്കുന്നു. നല്ല നീലനിറത്തിലുള്ള സുന്ദരനായ കുതിരക്കാരൻ. അതിനു പിന്നിൽ വില്ലുമായി നില്ക്കുന്ന മറ്റൊരാൾ. അവനാണ് ലോകത്തിലെ ഏറ്റവും വലിയ വില്ലാളിവീരൻ. അവന്റെ പേരാണ് അർജ്ജുനൻ. ധർമയുദ്ധത്തിന്റെ ചിത്രമാണത്. "മഹാഭാരതയുദ്ധം നയിച്ചത് ആരാണെന്ന് നിനക്കറിയുമോ?" "സംശയമെന്ത്! അർജ്ജുനൻ."

"അല്ല, ആ കുതിരക്കാരനാണ്." അമ്മ പറഞ്ഞത് അവനു വിശ്വാസമായില്ല. അമ്പും വില്ലുമൊന്നുമില്ലാത്ത ഈ കുതിരക്കാരനോ?

"ഈ കുതിരക്കാരനാണ് മഹാഭാരതയുദ്ധത്തിന്റെ വിജയം സ്വപ്നം കണ്ടത്, പ്ലാൻ ചെയ്തത്, നടപ്പാക്കിയത്. ഈ കുതിരക്കാരനാണ് ലോകത്തിൽ അധർമം ഉണ്ടെന്നു മനസ്സിലാക്കി ധർമം സ്ഥാപിക്കാൻവേണ്ടി പ്ലാനും പദ്ധതിയും നടപ്പിലാക്കിയത്. ഈ കുതിരക്കാരനാണ് ലോകത്തിന് ധർമം എന്തെന്നു പറഞ്ഞുകൊടുത്തത്. ആ കുതിരക്കാരന്റെ പേരാണ് ശ്രീകൃഷ്ണൻ. അതുകൊണ്ട് നീ ഇന്നുമുതൽ സ്വപ്നം കാണണം, ഞാനൊരു കുതിരക്കാരനാകുമെന്ന്. ശ്രീകൃഷ്ണനെപ്പോലെ ഒരു സാരഥിയാകണം. ധർമം ഉപദേശിക്കുന്ന സാരഥി. ലോകത്തിന്റെ സാരഥി എന്നു കരുതി നീ സ്വപ്നം കാണണം. അതിനായി പരിശ്രമിക്കണം." അന്നുമുതൽ ആ കുട്ടി സ്വപ്നം കാണാൻ തുടങ്ങി.

ദൗർഭാഗ്യവശാൽ ആ കുട്ടിക്ക് ഒരുപാട് കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. പണക്കാരനായ ഒരു വക്കീലിന്റെ മകൻ. അദ്ദേഹം പെട്ടെന്ന് മരിച്ചുപോയി. കടംകേറി. കേസായി. അമ്മയേയും സഹോദരങ്ങളെയും ഇറക്കിവിട്ടു. ഡിഗ്രിയെടുത്തിട്ടും ജോലിക്ക് തെണ്ടിനടന്നു. ഒരു ജോലി കിട്ടി. പഠിപ്പിക്കാൻ അറിയില്ലെന്നു പറഞ്ഞു പിരിച്ചുവിട്ടു. കഷ്ടപ്പെട്ടു ജീവിച്ച മനുഷ്യൻ. അപ്പോഴും എനിക്കു സന്യസിക്കണം. എനിക്ക് ധർമ്മമാർഗ്ഗം പഠിപ്പിക്കണം! ശ്രീരാമകൃഷ്ണ പരമഹംസന്റെ അടുക്കലെത്തി. നീ സന്യസിക്കേണ്ടയെന്നു പറഞ്ഞു. ജോലി ചെയ്തു കുടുംബം നോക്കാൻ പറഞ്ഞു. എന്നിട്ടും കഷ്ടപ്പെട്ടു മുന്നോട്ടു പോയി. പിൽക്കാലത്ത് അദ്ദേഹം അമേരിക്കയിൽ ചെന്നു. പ്രശസ്തമായ ഒരു പ്രസംഗം ചെയ്തു. ലോകപ്രശസ്തനായി മാറി. ഏറ്റവും അപ്രശസ്തനായ മനുഷ്യൻ അതിപ്രശസ്തനായി മാറി. അദ്ദേഹത്തിന്റെ പേരാണ് വിവേകാനന്ദൻ. കുതിരക്കാരനാകണമെന്നു പറഞ്ഞ നരേന്ദ്രൻ എങ്ങനെ വിവേകാനന്ദനായി. വ്യക്തിത്വത്തിനു മാറ്റമുണ്ടായി. ഒരു പുഴു ചിത്രശലഭം ആകുന്നതുപോലെയുള്ള മാറ്റം. ഓരോ മനുഷ്യനും സാധ്യതയുണ്ട്. അങ്ങനെ മാറുമ്പോഴുണ്ടാകുന്ന ഉൾക്കാഴ്ച. അത് പാഠപുസ്തകത്തിൽ നിന്നും കിട്ടുന്നതല്ല. വിവേകാനന്ദനെക്കുറിച്ച് പറയുമ്പോൾ ആളുകൾ പറയുക അദ്ദേഹം സന്യാസിയാണെന്നാണ്. അദ്ദേഹം നവോത്ഥാന നായകനാണെന്ന് ചിലർക്കറിയാം. അതിനപ്പുറമുള്ള പലകാര്യങ്ങളും നമുക്കറിയില്ല. അദ്ദേഹത്തിന്റെ വലിയ ഉൾക്കാഴ്ച സംഭവങ്ങളിൽ നിന്നാണ് മനസ്സിലാക്കുന്നത്.

അപ്രശസ്തനായ ഒരു സന്യാസി ആദ്യമായി കപ്പലിൽ അമേരിക്കയിലേക്ക് പോകുകയാണ്. ജപ്പാനിൽ നിന്നും അമേരിക്കയ്ക്കാണ് പോകുന്നത്. തൊട്ടടുത്തൊരാളുമായി സംസാരിച്ചു. അയാൾ ഒരു വ്യവസായിയായിരുന്നു. വ്യവസായത്തിലൂടെ രാജ്യത്തെ ഉരുക്കു നിർമ്മിക്കുന്നതിനുള്ള അറിവ് സമ്പാദിക്കുവാനായി ഇംഗ്ലണ്ടിൽ പോയതാണ്. അത് കിട്ടിയില്ല. അമേരിക്കയിലേക്ക് പോകുകയാണ്. അവിടെ ചെന്ന് ഉരുക്കിന്റെ ടെക്നോളജിയെ കുറിച്ച് അറിയാൻ സാധിച്ചാൽ ഇന്ത്യയിൽ ഒരു സ്റ്റീൽ കമ്പനി ആരംഭിക്കാമായിരുന്നു. സ്വന്തമായി സ്റ്റീൽ ഉണ്ടാക്കിയെങ്കിൽ മാത്രമെ ഇന്ത്യയിൽ വ്യവസായം വളരുകയുള്ളു. ഇന്ത്യയെ വളർത്താൻ ശ്രമിക്കുകയാണെന്നു പറഞ്ഞു.

പേരെന്താണെന്നു ചോദിച്ചു. ടാറ്റാ എന്നു മറുപടി.

നിങ്ങളുടെ ഭാവി ഞാൻ മുന്നിൽ കാണുന്നു. നിങ്ങൾ ടെക്നോളജി ഇന്ത്യയിൽ കൊണ്ടുവരും. വ്യവസായം ആരംഭിക്കും. ഇന്ത്യൻ വ്യവസായത്തിന്റെ നട്ടെല്ലായി മാറും. ഇതൊക്കെ ഞാൻ കാണുന്നു. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. ഇന്ത്യ വളരണമെങ്കിൽ സ്റ്റീൽ മാത്രം പോരാ. സ്റ്റീൽ നിർമ്മാണത്തിനു പിന്നിലുള്ള ടെക്നോളജി അറിഞ്ഞാൽ പോരാ. അതിനു പിന്നിലൊരു ശാസ്ത്രമുണ്ട്. ശാസ്ത്രീയമായ ഉൾക്കാഴ്ച ഇന്ത്യയ്ക്ക് ഉണ്ടായില്ലെങ്കിൽ ഇന്ത്യയ്ക്ക് ഒരിക്കലും വളരാൻ സാധിക്കില്ല. ടെക്നോളജി വളർന്നാൽ പോരാ. ടെക്നോളജിയുടെ പിന്നിലുള്ള ശാസ്ത്രം ഉപയോഗിക്കാൻ പറ്റുന്ന ഒരു ശാസ്ത്രത്തിന്റെ നിര ഇന്ത്യയിലുണ്ടാവണം. ലോകനിലവാരത്തിലുള്ള ശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കാനുള്ള ശ്രമം ഇന്ത്യയിൽ ഉണ്ടാവണം.

അതിന് ഞാനെന്താണ് ചെയ്യേണ്ടത്?

നിങ്ങൾ ധാരാളം പണം ഉണ്ടാക്കാൻ പോകുകയല്ലേ? അതിൽ നിന്നും കുറച്ചെടുത്ത് ഇന്ത്യയിൽ ലോകനിലവാരത്തിലുള്ള ശാസ്ത്രഗവേഷണത്തിന്റെ സ്ഥാപനം തുടങ്ങണം.

ശ്രമിക്കാമെന്നു പറഞ്ഞു.

ടാറ്റ പോയി. ടെക്നോളജി കൊണ്ടുവന്നു. ഇന്ത്യയിൽ വലിയ സ്റ്റീൽ കമ്പനി തുടങ്ങി. ചരിത്രം മാറ്റിയെഴുതി. ധാരാളം പണമുണ്ടായി. ഇന്നു മുംബൈയിൽ കാണുന്ന പ്രധാന സ്ഥാപനങ്ങളുടെയെല്ലാം പിന്നിൽ ടാറ്റയാണ്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് എന്നു പറയുന്ന, ഭാഭാ അറ്റോമിക് സെന്ററിന്റെ അടിത്തറയായ ലോകപ്രശസ്തമായ ഗവേഷണസ്ഥാപനം വരെ ടാറ്റ തുടങ്ങിയതാണ്. വിവേകാനന്ദൻ ലോകത്തിന്റെ തന്നെ വലിയ ആചാര്യനായി മാറി. ഇന്ത്യയിലേക്ക് മടങ്ങിവന്നു. ടാറ്റ വിവേകാനന്ദൻ അന്നു പറഞ്ഞ കാര്യം ഓർത്തു. ടാറ്റ വിവേകാനന്ദന് എഴുതി. അങ്ങു പറഞ്ഞതിൻപ്രകാരം ഒരു ശാസ്ത്രസ്ഥാപനം തുടങ്ങാൻ തയ്യാറെടുക്കുകയാണ്. അങ്ങ് അതിന്റെ ഡയറക്ടറാകണം. വിവേകാനന്ദൻ മറുപടി അയച്ചു. നിങ്ങൾ തീർച്ചയായും ഉടനെ അതു തുടങ്ങണം. ഡയറക്ടറാകാൻ കഴിവുള്ളവരുണ്ട്. അങ്ങനെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം തുടങ്ങി. അത് പിൽക്കാലത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്ന ഗവേഷണ സ്ഥാപനമായി. അമേരിക്കയിലെ എം.ഐ.ടിയുടെ സ്ഥാനമാണ് ഇന്നതിനുള്ളത്. ഒരു കുട്ടി അസാധാരണനായ ഒരു കുട്ടിയായി മാറിക്കഴിയുമ്പോൾ, ഒരു പ്രതിഭയാകുമ്പോൾ, യുഗാചാര്യനായി മാറുമ്പോൾ ഉണ്ടാകുന്ന മാറ്റം. ക്ലാസ്സിൽ ചോദിച്ചപ്പോൾ ആരാകണമെന്നു പറയുവാൻ മടിച്ച ഒരു പയ്യൻ ലോകാചാര്യനായി മാറി എന്നു മാത്രമല്ല, ടാറ്റായെപ്പോലെയുള്ള ആളോട് ശാസ്ത്രഗവേഷണം നടത്തുന്ന സ്ഥാപനമുണ്ടാക്കണമെന്ന് ഉപദേശിച്ചു. ഇതാണ് ഹ്യൂമൻ പൊട്ടൻഷ്യൽ.

എല്ലാവരിലും പ്രതിഭ ഉറങ്ങിക്കിടക്കുന്നു. അതിനെ ഉണർത്തിയെടുക്കണം. ഗൾഫിൽനിന്നും വന്ന ഒരു അച്ഛൻ കംപ്യൂട്ടർ വാങ്ങിയതുപോലെയാണ്. കുട്ടി അയലത്തുള്ള വീടുകളിലെല്ലാം ചെന്നു പറഞ്ഞു. അച്ഛൻ കംപ്യൂട്ടർ വാങ്ങിയെന്ന്. അച്ഛൻ അഞ്ചുവർഷം കഴിഞ്ഞ് മടങ്ങിവന്നപ്പോഴും കംപ്യൂട്ടർ അതുപോലെതന്നെ അവിടെയിരിപ്പുണ്ട്. അമ്മ സീരിയലൊക്കെ കണ്ട് കാലം നീക്കി. ഒടുവിലത് ആക്രിക്കച്ചവടക്കാരന് വിൽക്കും. ഉപയോഗിച്ചിട്ടില്ല. അതാണ് നമ്മുടെ അവസ്ഥ. കംപ്യൂട്ടർ അവിടെയിരിപ്പുണ്ട്.എങ്ങനെ പ്രോഗ്രാം ചെയ്യണമെന്നറിയില്ല. അതാണ് പറഞ്ഞത് നിങ്ങൾ ഒരു ഉറങ്ങുന്ന പ്രതിഭയാണ്. നിങ്ങൾ വേണമെന്നു വിചാരിച്ചാൽ, നിങ്ങൾ നിങ്ങളെ തിരിച്ചറിഞ്ഞാൽ, നിങ്ങൾ വളരണമെന്ന് തീരുമാനിച്ചാൽ, നിങ്ങൾക്ക് ഏതറ്റംവരെയും പോകാം.

പത്താം ക്ലാസു കഴിഞ്ഞു. പ്ലസ് ടുവിനു പോകണം. അതു കഴിഞ്ഞ് ഒരു കോഴ്സിനുപോകണം. എന്തെങ്കിലും ഒരു ജോലി കിട്ടണം എന്നുള്ള വിചാരം മാറ്റണം. പരീക്ഷയ്ക്കു മാർക്കു വാങ്ങിക്കുന്നതിലും പ്രധാനമാണ് പഠിക്കുന്ന വിഷയം ആസ്വദിക്കുക എന്നത്. അത് രസിക്കണം. അതിനെപ്പറ്റിചിന്തിക്കണം. അതുമായി സൗഹൃദം ഉണ്ടാകണം. പഠിക്കുന്നത് ഗണിതമായാലും കെമിസ്ട്രിയായാലും ഫിസിക്സായാലും അതെല്ലാം നമ്മുടെ വികാരത്തിന്റെ ഭാഗമാകണം. അതിനെപ്പറ്റി ചിന്തിക്കുന്ന ഒരു കുട്ടിയ്ക്കേ അതുമായി ബന്ധപ്പെട്ട പുതിയപുതിയ ആശയങ്ങൾ ഉണ്ടാവൂ. അങ്ങനെയുണ്ടെങ്കിലെ അതിൽ വൈദ്ഗദ്ധ്യം ഉണ്ടാക്കുവാൻ സാധിക്കൂ. എങ്കിലേ ഏറ്റവും ഉയർന്ന നിലയിലെത്താനാവൂ. അതിനുള്ള ധാരാളം സ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. ഇൻസ്റ്റിറ്റ്യൂഷൻ ഇല്ലാത്തതല്ല പ്രശ്നം. നല്ല കുട്ടികളെ കിട്ടാത്തതാണ്. കുട്ടികളെല്ലാം ചെറിയ സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഐ.ഐ.ടിയിൽ നിന്നും ഇറങ്ങുന്ന കുട്ടികൾപോലും സാധാരണ കുട്ടികളായി മാറുകയാണ്. വളരെ കുറച്ചുപേർമാത്രമെ ഉയർന്ന തലത്തിലേക്കു പോകുന്നുള്ളു.

അബ്ദുൾ കലാമിനെയെടുക്കുക. അദ്ദേഹം ഒരു സാധാരണ കുട്ടിയായിരുന്നു. വെറും ഒരു സാധാരണ കുട്ടിയായിരുന്നുവെന്ന് ഹൈസ്കൂൾ പഠനകാലത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുണ്ട്. വീട്ടിൽ പട്ടിണിയാണ്. ബുദ്ധിമുട്ടാണ്. രക്ഷപ്പെടാൻ ഒരുവഴിയേയുള്ളു. നന്നായി പഠിക്കുക. അതുകൊണ്ട് കഷ്ടപ്പെട്ട് ഫിസിക്സും കെമിസ്ട്രിയും പഠിച്ചു. ഹൈസ്കൂളിൽ പഠിച്ച വിഷയത്തിൽ അടിത്തറ ഉറച്ചതുകൊണ്ടാണ് എല്ലാ വളർച്ചയും സാധിച്ചതെന്ന് അദ്ദേഹം പറഞ്ഞു. സഹോദരിയുടെ മാല പണയം വെച്ചാണ് എഞ്ചിനീയറിംഗ് കോളജിൽ ചേർന്നത്. സ്കോളർഷിപ്പു കിട്ടിയതുകൊണ്ട് തട്ടിമുട്ടി പഠിക്കുകയാണ്. അവസാനവർഷം ഒരു പ്രോജക്ട് സാറു കൊടുത്തു. താഴ്ന്ന് പറക്കുന്ന ഒരു വിമാനത്തിന്റെ ഡിസൈൻ ഉണ്ടാക്കണം. നാലുപേർ ചേർന്നുള്ളതാണ്. കലാമാണ് ഡിസൈൻ ഉണ്ടാക്കേണ്ടത്. പ്രാക്ടിക്കൽ ചെയ്യേണ്ട ജോലിയാണ് മറ്റു കുട്ടികൾക്ക്. മൂന്നു മാസം സമയം കൊടുത്തു. പ്രോജക്ട് കൊടുക്കേണ്ട സമയമായി. അവസാനം പ്രോജക്ട് ബുക്ക് പ്രൊഫസർ പരിശോധിച്ചു. ആദ്യത്തെ പേജു വായിച്ചപ്പോൾ തന്നെ പ്രൊഫസറുടെ മുഖം ചുവക്കാൻ തുടങ്ങി. കലാം നോക്കുന്നത് പ്രൊഫസറുടെ മുഖത്തേക്കാണ്. അവസാനപേജിലെത്തിയപ്പോഴേക്കും പ്രൊഫസറുടെ മുഖം ചെമ്പരത്തിപൂപോലെയായി. പ്രൊഫസർ വഴക്കുപറയുന്നതിനുമുമ്പ് രക്ഷപ്പെടാൻവേണ്ടി കലാം ചാടി പറഞ്ഞു, സാർ, മൂന്നു മാസം കൂടി അനുവദിച്ചുതരുമെങ്കിൽ ഞാനിതു പൂർത്തിയാക്കാം. പ്രൊഫസറുടെ ദേഷ്യം പത്തിരട്ടിയായി. മൂന്നു ദിവസം നിനക്കു തരുന്നു. ഇന്നു വെള്ളിയാഴ്ച. തിങ്കളാഴ്ച

# കൊണ്ടുനടക്കേണ്ടുന്ന വലിയ സ്വപ്നം

രാവിലെ കാണിച്ചില്ലെങ്കിൽ ഞാൻ നിന്റെ സ്കോളർഷിപ്പ് നിർത്തലാക്കും. അതോടെ നിന്റെ വിദ്യാഭ്യാസം തീരും. പ്രൊഫസർ മുറിയിൽ നിന്നും കലാമിനെ ഇറക്കിവിട്ടു. പന്ത്രണ്ടരയായി. അന്നു കലാമിന് വിശപ്പില്ല. ഉണ്ണാൻ പോയില്ല. പ്രോജക്ട് ബുക്ക് തുറന്നു. ആദ്യപേജു വായിച്ചുതുടങ്ങിയപ്പോൾ ആദ്യവരിയിൽ തന്നെ ഒരു തെറ്റുണ്ട്. പ്രൊഫസറുടെ ഉഗ്രശാസന കേട്ടപ്പോൾ തന്നെ കലാമിലെ സൂപ്പർ കംപ്യൂട്ടർ ഉണർന്നു. ബ്രെയ്ൻ വർക്കു ചെയ്യാൻ തുടങ്ങി. ആദ്യപേജിൽ തന്നെ പത്തു തെറ്റാണ്. കലാമിനുതന്നെ നാണക്കേടു തോന്നി. തിരുത്തിത്തിരുത്തി പകൽ കഴിഞ്ഞു. രാത്രി വളരെ കുറച്ച് ഉറങ്ങി. ശനിയാഴ്ച പകൽ, അന്നു രാത്രി. ഞായറാഴ്ച രാവിലെയായപ്പോഴേക്കും പ്രോജക്ട് ഏകദേശം തീർന്നു. അവസാനപേജിന്റെ മിനുക്കുപണിയായി. രാവിലെ ഏഴുമണിയായി. ചെറിയ മൂടൽ മഞ്ഞുണ്ട്. ഹോസ്റ്റൽ മുറിയിൽ ഇരുന്നാണ് ചെയ്യുന്നത്. പിന്നിൽനിന്നൊരു അനക്കം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ സാക്ഷാൽ പ്രൊഫസർ നിൽക്കുന്നു. വിറച്ചുകൊണ്ട് കലാം എഴുന്നേറ്റു. പ്രൊഫസർ ബുക്ക് വാങ്ങിച്ചു. ആദ്യപേജു മുതൽ വായിക്കാൻ തുടങ്ങി. പ്രൊഫസർ ബുക്കിലേക്കു നോക്കുന്നു. കലാം പ്രൊഫസറിന്റെ മുഖത്തേക്കുനോക്കുന്നു. വലിയ വ്യത്യാസമൊന്നും മുഖത്തില്ല. അവസാനപേജു വായിച്ചു കഴിഞ്ഞപ്പോൾ പ്രൊഫസറുടെ മുഖത്ത് ഒരു ചെറുപുഞ്ചിരിയുണ്ടോയെന്ന് സംശയം. അവസാനവരി വായിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരു ചിരി വന്നു. കലാമിനെ കെട്ടിപ്പിടിച്ചു. ഞാൻ അസാധ്യമായ ജോലിയാണ് നിന്നെ ഏല്പിച്ചത്. എന്നാൽ നീയത് വിജയകരമാക്കി. ഇനി നീ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടും വിജയിക്കും. വിജയിക്കാനുള്ള ഫോർമുല നീ കണ്ടുപിടിച്ചിരിക്കുന്നു. അബ്ദുൾ കലാമിന്റെപോലും അവസ്ഥയിതായിരുന്നു. പ്രൊഫസറുടെ ഈ പിടുത്തമില്ലായിരുന്നുവെങ്കിൽ അബ്ദുൾ കലാം അബ്ദുൾ കലാമാകുമായിരുന്നില്ല. അന്ന് ഷോക്ക് കിട്ടിയതുകൊണ്ടാണ് അബ്ദുൾ കലാം പിൽക്കാലത്ത് ഇന്ത്യ കണ്ട ഏറ്റവും വലിയ പ്രോജക്ട് മാനേജരായി മാറിയത്. ഒരു മെഗാ പ്രോജക്ട് അങ്ങനെ കൃത്യമായി നടത്താവുന്ന മാനേജ്മെന്റ് വിദഗ്ദ്ധനായി മാറി. കഥ അവിടെ തീരുന്നില്ല. ഇന്ത്യയ്ക്ക് മിസൈൽ രംഗത്ത് വിലാസമുണ്ടാക്കി കൊടുത്തു. അദ്ദേഹം റിട്ടയർ ചെയ്തു. അബ്ദുൾ കലാമിന്റെ വാസ്തവത്തിലുള്ള കഥ തുടങ്ങുന്നത് റിട്ടയർമെന്റിനു ശേഷമാണ്. അബ്ദുൾ കലാം മറ്റൊരു 'വിവേകാന്ദ'നായി മാറി. പ്രചോദകൻ. എത്ര ലക്ഷം കുട്ടികളെ, എത്ര ലക്ഷം ചെറുപ്പക്കാരെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തി. അവർക്ക് പ്രചോദനം കൊടുത്തു. ഇങ്ങനെയുള്ള ഋഷിതുല്യനായി മാറാനുള്ള കഴിവ് കലാമിനുണ്ടായിരുന്നുവെന്ന് അദ്ദേഹംപോലും ഓർത്തില്ല. അതാണദ്ഭുതം. റിട്ടയർമെന്റിനുശേഷം പുതിയൊരുകലാം ഉണ്ടായി.

എനിക്ക് പത്തുപതിനഞ്ചുവർഷം മുമ്പ് ഡൽഹിയിൽവെച്ച് ഒരു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ചു. അവിടെ ചെല്ലുമ്പോഴാണ് ഞാൻ അറിയുന്നത് അവാർഡു നൽകുന്നത് കലാമാണെന്ന്. കേരളത്തിലെ പലരിൽനിന്നും അവാർഡ് സ്വീകരിച്ചിട്ടുണ്ട്. ആരാണെന്നുപോലും നോക്കാതെയാണ് അവാർഡ് നൽകുന്നത്. പിച്ചക്കാരനെപ്പോലെ അവാർഡ് മേടിച്ചുപോയ അനുഭവം എനിക്കുണ്ട്. അതെല്ലാം മനസ്സിൽ വെച്ചുകൊണ്ടാണ് ഡൽഹിയ്ക്കു പോയത്. ഇന്റർനാഷണൽ കോൺഫറൻസാണ്. പകുതിപ്പേരും സായിപ്പന്മാരാണ്. കലാം മുക്കാൽ മണിക്കൂർ വായനയെപ്പറ്റി ഒരു പ്രസംഗം നടത്തി. അവാർഡിനായി എന്റെ പേരു വിളിച്ചു. മനോരമജാഫേ എന്നുപേരുള്ള ഒരു എഴുത്തുകാരിയാണ് ഓർഗനൈസർ. ഞാൻ സ്റ്റേജിലേക്ക് കടന്നുചെന്നു. അദ്ദേഹം എന്റെ കൈയിൽ പിടിച്ചു. ചിരിച്ചുകൊണ്ട് കുലുക്കി. ഞാനും അറിയാതെ ചിരിച്ചു. നൂറ്റിയമ്പതിലധികം ബുക്കുകൾ താങ്കൾ എഴുതിയിട്ടുണ്ട്. അല്ലേ? അത്ഭുതംതന്നെ. ഇങ്ങനെ അഞ്ചുമിനിട്ടു സമയം അദ്ദേഹം എന്നോടു സംസാരിച്ചു. മൈക്കൊന്നും ഓഫു ചെയ്തിരുന്നില്ല. എന്റെ ബയോഡേറ്റ വായിച്ചിട്ടാണ് അദ്ദേഹം എനിക്ക് അവാർഡ് നൽകാൻ വന്നിരിക്കുന്നത്! ഞാൻ ഞെട്ടിപ്പോയി. അതിനു രണ്ടാഴ്ച മുമ്പ് കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ഞാൻ വാങ്ങിച്ചു. പ്രഗത്ഭനായ ഒരു മന്ത്രിയാണ് തന്നത്. അദ്ദേഹം എന്റെ മുഖത്തു നോക്കിയില്ല. ഞാൻ മാത്രമേ അവാർഡു വാങ്ങുവാൻ പോയിരുന്നുള്ളു. ഭാര്യ ഉണ്ടായിരുന്നില്ല. നീ വരാതിരുന്നത് നന്നായി എന്ന് ഞാൻ ഭാര്യയോടു ഫോണിൽ പറയുകയുണ്ടായി. 1973ൽ കേശവദേവ് അവാർഡ് തന്നപ്പോൾ അദ്ദേഹം സന്തോഷത്തോടെ തോളിൽ തട്ടിയാണ് അവാർഡ് തന്നത്. അന്നു ഞാൻ ഒരു പയ്യനാണ്.

2014ൽ അപ്രതീക്ഷിതമായി തിരുവനന്തപുരത്തുവെച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഫെലോഷിപ്പ് എനിക്ക് നൽകിയത് അബ്ദുൾ കലാമായിരുന്നു. ഡൽഹിയിൽ കണ്ട അവസ്ഥയായിരുന്നില്ല. ശാരീരികമായി വലിയ ബുദ്ധിമുട്ടുണ്ട്. അദ്ദേഹത്തെ കണ്ടപ്പോൾ പത്തായിരം കുട്ടികൾ ചാടിയെഴുന്നേറ്റു. കനകക്കുന്നു പാലസി ൽ വെച്ചായിരുന്നു പരിപാടി. കുട്ടികൾ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ കൈയ്യിൽ പിടിച്ചു. എല്ലാ സെക്യൂരിറ്റിയും പാളിപ്പോയി. അദ്ദേഹം സ്റ്റേജിൽ കയറി. അദ്ദേഹത്തിനു ബൊക്കെ നൽകി. എനിക്കാണ് അവാർഡ് നൽകുന്നതെ ന്ന് രാജശേഖരൻപിള്ള സാർ പറഞ്ഞു. സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ആ ബൊക്കെ എനിക്കു നൽകി. തൊട്ടടുത്ത് രവി ഡി.സി ഇരിപ്പുണ്ട്. ബൊക്കെ നിലത്തുവെയ്ക്കാമോയെന്ന് രവിയോടു ഞാൻ ചോദിച്ചു. അദ്ദേഹം പോകുന്നതുവരെ കൈയ്യിൽ പിടിച്ചോളാൻ പറഞ്ഞു. ഡൽഹിയിൽവെച്ച് അവാർഡ് നൽകനിയ കാര്യം ഞാൻ കലാമി നോടു പറഞ്ഞു. ഇപ്പോഴും എഴുതുന്നുണ്ടോയെന്ന് ചോദിച്ചു. അഭിനന്ദിച്ചു. ഇതാണ് ഒരു മനുഷ്യൻ മഹത്വത്തിലേക്കു വളരുമ്പോഴുണ്ടാകുന്ന മാറ്റം. അദ്ദേഹത്തിന് ഇന്ത്യയിലെ പ്രധാനമന്ത്രിയും ആരുമറിയാത്ത എസ്.ശിവദാസും ഒരുപോലെയാണ്. ആരെ കണ്ടാലും ചിരിക്കും. ആരെ കണ്ടാലും സൗഹൃദം പുലർത്തും എന്ന വ്യക്തിത്വത്തിലേക്ക് മാറി. ഞാനിതു പറയുന്നത് ഓരോ മനുഷ്യനും ഉണ്ടാകുന്ന സാധ്യത അത്ര അനന്തമാണെന്നു സൂചിപ്പിക്കാനാണ്.

ഒരു കുട്ടി ആരാകുമെന്ന് നമുക്ക് സ്വപ്നം കാണാൻ സാധിക്കുകയില്ല. ഇത്രയേ എനിക്കു പറ്റുകയുള്ളൂവെന്ന് നിങ്ങൾ വിചാരിക്കരുത്. ദൈവം നിങ്ങൾക്ക് തരാൻ പോകുന്ന അവസരം എന്താണെന്ന് അറിഞ്ഞുകൂടാ. ചെയ്യാൻ പോകുന്ന കാര്യം ഏറ്റവും ആത്മാർത്ഥമായി ചെയ്യുക. ഏറ്റവും പൂർണ്ണതയിലാക്കുവാൻ ശ്രമിക്കുക. ഏറ്റവും വലിയ സ്വപ്നം കൈയ്യിൽ വെച്ചുകൊണ്ടുപോകുക. ജീവിതം ഒരു തപസാണെന്ന തിരിച്ചറിവുണ്ടാകുക. തിരിച്ചറിവോടെ പ്രവർത്തിക്കുമ്പോൾ നമ്മൾ അറിയാതെ നമ്മൾ വളരും. നമ്മൾ അറിയാതെ നമ്മളിൽ മാറ്റം ഉണ്ടാകും. അങ്ങനെ മാറ്റമുണ്ടാകുമ്പോഴാണ് ഒരു സാധാരണ കുട്ടി പതുക്കെപ്പതുക്കെ അസാധാരണ കുട്ടിയായി മാറുന്നത്. വലിയ അവസരങ്ങളെ തിരിച്ചറിയാൻ അപ്പോഴാണ് സാധിക്കുന്നത്. ഇതാണ് ഒരു ടോട്ടൽ ഡവലപ്മെന്റ് ഓഫ് പേഴ്സണാലിറ്റി എന്നു പറയുന്നത്. ഒരു മനുഷ്യന്റെ അനന്തമായ സാധ്യതകളുടെ വികാസം. അതായിരിക്കണം നമ്മുടെ സ്വപ്നം.

നിങ്ങൾ ആരായാലും, എന്തായാലും നിങ്ങൾ ലോകത്തിന്റെ ഒരു വഴിവിളക്കാകൂ. വെറും വീട്ടമ്മയായി, ഒരു തൊഴിലാളിയായി, ഡോക്ടറായി എഞ്ചിനീയറായി, എന്തായാലും ഞാനായിരിക്കും ആ രംഗത്തെ നമ്പർ വൺ എന്ന വിചാരത്തോടുകൂടി പ്രവർത്തിക്കാനുള്ള ധൈര്യം ഉണ്ടാവണം. ഒരു വലിയ സ്വപ്നത്തെ കൊണ്ടുനടക്കണം. അതിനെ താലോലിക്കണം. അതിനെ വളർത്തിയെടുക്കണം. ഉള്ളിൽ കിടക്കുന്ന സ്വപ്നത്തിന് തീപിടിക്കണം. അതൊരു വേദനയായി മാറണം. മുത്തുച്ചിപ്പിയിൽ നിന്നും മുത്തുണ്ടാകുന്നതുപോലെയാണ്. ഏതൊരു വിദ്യാർത്ഥിയുടെയും ആദ്യ സ്വപ്നം ഇതായിരിക്കണം. ഉജ്ജ്വലമായ ഒരു സ്വപ്നം. ഒരു ലക്ഷ്യം. പൂർണ്ണതയിലേക്കു കുതിക്കാനുള്ള ഒരു സ്വപ്നം. മഹത്തായ വിജയം. മോക്ഷം തന്നെ. ജീവിതവിജയക്കൊടുമുടിയിൽ കാൽകുത്തിനിന്ന് ആകാശത്തിലേക്കു കൈകൾ ഉയർത്തി നില്ക്കുമെന്ന മഹത്തായ സ്വപ്നം!

# കലാക്ഷേത്രമായ കേരള കലാമണ്ഡലം

രുടെ താല്പര്യപ്രകാരം പിറ്റേവർഷം മൈസൂറിൽ ദസറാദിവസം കഥകളി നടത്തുവാനുള്ള അവസരം കലാമണ്ഡലത്തിനു ലഭിച്ചു. ഉത്തരാസ്വയംവരമായിരുന്നു അവിടെ അവതരിപ്പിച്ചത്.

കഥകളി എന്ന ഇംഗ്ലീഷ് ഗ്രന്ഥം എഴുതിയ കെ.ഭരതയ്യരും കഥകളി സചിത്രകൈമുദ്രനിഘണ്ടു തയ്യാറാക്കിയ തൃശൂർ സ്വദേശി പി.ഗോപാലകൃഷ്ണയ്യരും അക്കാലത്ത് റങ്കൂണിലെ ഉദ്യോഗസ്ഥരായിരുന്നു. അവരുടെ ക്ഷണപ്രകാരം വള്ളത്തോളും മുകുന്ദരാജയും കളിസംഘത്തോടൊപ്പം 1935ൽ ബർമ്മയിലെത്തി. മടക്കയാത്രയിൽ മദിരാശി ഗവർണറുടെ സാന്നിധ്യത്തിൽ മദിരാശിയിൽ നടന്ന പൗരസ്ത്യഭാഷാസമ്മേളനത്തിൽ കഥകളി അവതരിപ്പിച്ചു പ്രശംസനേടി. അവിടെ പങ്കെടുത്തവരുടെ താല്പര്യപ്രകാരം കളിസംഘം ബാംഗ്ലൂരിലും മുംബൈയിലും പൂനയിലും കഥകളി അവതരിപ്പിക്കുകയുണ്ടായി. അവിടെനിന്നും ഡൽഹി, അഹമ്മദബാദ്, അലഹബാദ്, കാശി തുടങ്ങിയ പട്ടണങ്ങളിലും സഞ്ചരിച്ചു. ഏതാണ്ട് അഞ്ചുമാസം നീണ്ടുനിന്ന ഈ യാത്രയാണ് കേരളീയ തനതു കലയുടെ പ്രചാരണത്തിന് സാഹചര്യമൊരുക്കിയത്.

കേരള കലാമണ്ഡലവും കലാവിദ്യാലയവും വളർച്ചയുടെ പടവുകൾ പിന്നിടുകയായിരുന്നു. കൊച്ചിരാജാവ് ഭാരതപ്പുഴയുടെ തീരത്ത് ചെറുതുരുത്തിയിൽ ഒരു ഹെക്ടറോളം സ്ഥലം കലാമണ്ഡലത്തിനു നൽകി. സംഭാവനകൾ സ്വീകരിച്ചും ഭാഗ്യക്കുറി നടത്തിയും കെട്ടിടം പണിക്കുള്ള മൂലധനം കണ്ടെത്തി. 1938 ജൂണിൽ കലാമണ്ഡലത്തിന്റെ ആസ്ഥാനം ചെറുതുരുത്തിയിലേക്ക് മാറ്റി. നവംബറിൽ കലാമണ്ഡലത്തിന്റെ എട്ടാം വാർഷികവും വള്ളത്തോൾ നാരായണമേനോന്റെ ഷഷ്ടിപൂർത്തിയും ഒരുമിച്ച് വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രശസ്ത ആംഗല സാഹിത്യകാരനായ ജെ.എച്. കസിൻസ് മുഖ്യാതിഥിയായിയിരുന്നു. ഉത്തരേന്ത്യയിൽനിന്നുള്ള പ്രമുഖരും പങ്കെടുത്തു.

1939ൽ വള്ളത്തോളും കളിസംഘവും കൽക്കത്തയിലെത്തി ശാന്തിനികേതനം സന്ദർശിച്ചു. ടാഗോറുമായി ചർച്ച നടത്തുകയും കഥകളി അവതരിപ്പിക്കുകയും ചെയ്തു. 1943ൽ ഭരണസമിതിയുടെ അപേക്ഷപ്രകാരം സ്ഥാപനം കൊച്ചി ദേവസ്വം ബോർഡ് ഏറ്റെടുത്തു. 1958ൽ നിലവിലുള്ള ഉപദേശക കമ്മിറ്റിയെ പിരിച്ചുവിട്ടുകൊണ്ട് ഒരു മാനേജിഗ് കമ്മിറ്റിയെ ഗവൺമെന്റ് നോമിനേറ്റ് ചെയ്തു. 1962 നവംബർ 12ന് കലാമണ്ഡലത്തെ കേരള ആർട്സ് അക്കാദമിയായി ഉയർത്തി. അതോടെ 14 പേരടങ്ങിയ ജനറൽ കൗൺസിൽ നിലവിൽവന്നു. അതിൽ 5 പേരുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയെ സർക്കാർ നോമിനേറ്റു ചെയ്യുവാനുള്ള തീരുമാനമുണ്ടായി. അതിൽ കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങളിൽ നിന്നും ഓരോ പ്രതിനിധിയും, ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു പാർലമെന്റ് അംഗവും, സംസ്ഥാന നിയമസഭാംഗവും, ജില്ലാ കളക്ടറും ഉൾപ്പെടുന്നു. ചെയർമാനേയും സെക്രട്ടറിയേയും നിശ്ചയിക്കുന്നത് സർക്കാരാണ്. പ്രവർത്തനകാലാവധി മൂന്നുകൊല്ലമാണ്.

1955ൽ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു കലാണ്ഡമണ്ഡലം സന്ദർശിക്കുകയും ഒരു ലക്ഷം രൂപ സംഭാവനയായി നൽകുകയും ചെയ്തു. ഈ തുക ഉപയോഗിച്ച് വെട്ടിക്കാട്ടിരിയിൽ സ്ഥലം വാങ്ങാനും മറ്റുമായി ഉപയോഗിച്ചു. ഇതിനോടു ചേർന്നുണ്ടായിരുന്ന നാല്പതോളം ഏക്കർ പുറംപോക്കു പ്രദേശം കേരളസർക്കാർ കലാമണ്ഡലത്തിനു നൽകി. ഇവിടെയാണ് വള്ളത്തോൾ നഗർ സ്ഥിതി ചെയ്യുന്നത്. വള്ളത്തോളിന്റെ ജന്മഗൃഹം ഇവിടേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. വള്ളത്തോളിന്റെ തിരുശേഷിപ്പുകൾ ഇവിടെ സൂക്ഷിക്കുന്നു. സാംസ്കാരിക കേരളത്തിന്റെ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നായി വള്ളത്തോൾ മ്യൂസിയം പരിലസിക്കുന്നു.

1964 മുതൽ കൂടിയാട്ടം അഭ്യസിപ്പിക്കുവാൻ തുടങ്ങി. 1976ൽ വാസ്തുശില്പിയായ ഡി. അപ്പുക്കുട്ടൻനായരുടെ നേതൃത്വത്തിൽ പൈതൃകപ്പെരുമയോടുകൂടിയ കൂത്തമ്പലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.

1962ൽ ടോക്കിയോവിൽ 15 ദിവസത്തെ പരിപാടികൾ അവതരിപ്പിച്ചു. 1967ൽ കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ യൂറോപ്പിലും കാനഡയിലും പര്യടനം നടത്തി. കലാമണ്ഡലത്തിന്റെ ഖ്യാതി വിദേശരാജ്യങ്ങളിൽ വ്യാപിച്ചു. ഉത്തരേന്ത്യൻ നർത്തകരായ ഉദയശങ്കർ, മേനക എന്നിവരും വിദേശിയരായ ആലിസ് ബോണർ, ബറിൽ ഡിസോട്ട് തുടങ്ങിയവരും കലാമണ്ഡലത്തിന്റെ പ്രശസ്തിക്കു കാരണക്കാരായിരുന്നു. കെ.പി.എസ്.മേനോൻ രചിച്ച കഥകളിരംഗം 1958ൽ വള്ളത്തോളിന്റെ അവതാരികയോടെ പ്രസിദ്ധീകരിച്ചു. നൂറുകണക്കിന് കലാകാരന്മാരെ പരിചയപ്പെടുത്തുവാൻ ഈ കൃതി ഉപകരിച്ചു.

കഥകളി, പാട്ട്, മദ്ദളവാദനം,

*സുവർണ്ണഗീതങ്ങൾ*





ടി.പി.ശാസ്തമംഗലം

## മഴവില്ലിന്റെ മനോഹാരിത



**പാ**ശ്ചാത്യ പൗരസ്ത്യ കവികളോട് ഒരുപോലെ അടുപ്പവും ഒട്ടൊക്കെ ആരാധനയും വച്ചുപുലർത്തിയ മലയാളകവിയാണ് വയലാർ രാമവർമ്മ. അതുകൊണ്ട് അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും സസൂക്ഷ്മം പരിശോധിച്ചാൽ അത്തരം കവികളുടെ ഉത്തമസൃഷ്ടികളിൽ കടന്നുവന്ന ചില ബിംബങ്ങളും മറ്റും തന്റേതായ കാഴ്ചപ്പാടോടെ പുനരവതരിപ്പിച്ചതായി കാണാം. അപഹരണത്തിന്റെയോ അനുകരണത്തിന്റെയോ പാതയിലൂടെ ഈ കവി സഞ്ചരിച്ചു എന്നല്ല ഇതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത്. മറിച്ച്, പൂർവ്വസൂരികളായ കവികളുടെ സഞ്ചിതസംസ്കാരം ആർജ്ജിച്ചുകൊണ്ട് വയലാർ സ്വകീയമായ കാവ്യസംസ്കാരത്തിനു വിത്തുപാകി എന്നു പറയുകയാവും ശരി.

പമ്മന്റെ അതിപ്രശസ്തമായ നോവൽ 'ചട്ടക്കാരി'ക്ക് കെ. എസ്.സേതുമാധവൻ 1974ൽ ചലച്ചിത്രാവിഷ്കാരം നിർവ്വഹിച്ചപ്പോൾ  അതിന് ഗാനങ്ങളെഴുതാനുള്ള ചുമതല വയലാറിലാണ് നിക്ഷിപ്തമായത്. ആംഗ്ലോ ഇന്ത്യൻ നായികയായ ജൂലിയും വാരിയർ സമുദായത്തിലെ യാഥാസ്ഥിതിക കുടുംബാംഗമായ ശശി എന്ന ഹൈന്ദവയുവാവും തമ്മിലുള്ള തീവ്രമായ പ്രണയം കലാഭംഗിയോടെ പറഞ്ഞ ഈ ചിത്രത്തിന്റെ ഇതിവൃത്തംപോലെതന്നെ വേറിട്ടതാണ് ഇതിലെ ഗാനങ്ങളും. നായികയുടെ ജീവിതപശ്ചാത്തലം വ്യക്തമായി മനസ്സിലാക്കിയിട്ടുള്ള നായകന്റെ വീക്ഷണകോണിലൂടെ ഉരുത്തിരിയുന്ന പ്രണയഗാനത്തിന് ചട്ടക്കാരഭാഷ അനിവാര്യമായിരുന്നു. ഏതു വിഷയവും വൈദഗ്ദ്ധ്യത്തോടെ കൈകാര്യം ചെയ്യാൻ ശ്രമിക്കുകയും അതിൽ വിജയം കണ്ടെത്തുകയും ചെയ്യുന്ന വയലാർ ഈ കഥാസന്ദർഭത്തെയും അതീവ ലാഘവത്തോടെ നെഞ്ചേറ്റി. എന്നാൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നു പുറത്തുവന്ന വരികൾ അതുവരെ നമുക്കു പരിചിതമല്ലാത്ത പുതിയ ഗാനസംസ്കൃതിയുടെ അടയാളപ്പെടുത്തലായി മാറി.

*'മന്ദസമീരനിൽ ഒഴുകിയൊഴുകിയെത്തും*
*ഇന്ദ്രചാപം നീ*
*മന്ദസ്മിതങ്ങൾ മാടിവിളിക്കും*
*ഇന്ദുഗോപം നീ'*

ലളിതമായ, എന്നാൽ നിലവാരമുള്ള നാലു വരികൾ. അവയിലൂടെ കവി സ്വന്തം നായികയ്ക്കു ചാർത്തിക്കൊടുത്ത പരിവേഷം അതിവിശിഷ്ടം എന്നുതന്നെ പറയണം. ഇന്ദ്രചാപത്തിന് വില്ല് എന്നു പൊതുവെ അർത്ഥമുണ്ടെങ്കിലും ഇവിടെ മഴവില്ലാണ് കവിയുടെ സജീവ പരിഗണനയിലുള്ളത്. മഴവില്ലിന്റെ മനോഹാരിത മുഴുവൻ ആവാഹിച്ചവളാണ് നായികയെന്ന് പരോക്ഷമായി പറഞ്ഞിരിക്കുകയാണ് അദ്ദേഹം. ആകാശത്ത് മേഘങ്ങൾ വരിവരിയായി അങ്ങനെ നീങ്ങുന്നു. അപ്പോൾ ആകാശത്തുള്ള മഴവില്ല് ഒഴുകിയൊഴുകി വരുന്നതായി കവിയ്ക്കു തോന്നുകയാണ്. നമ്മൾ ഏതെങ്കിലും വാഹനത്തിൽ സഞ്ചരിക്കുമ്പോൾ വശത്തെ ദൃശ്യങ്ങൾ പിറകിലേക്ക് സഞ്ചരിക്കുന്നതായി തോന്നുകയില്ലേ, ഏതാണ്ട് അതുപോലെ തന്നെയാണ് മഴവില്ലിന്റെ സഞ്ചാരവും. മഴവില്ല് അങ്ങനെ ഒഴുകിയൊഴുകിയെത്തുന്നത് തന്റെ അരികിലേക്കാണ്. അല്ലെങ്കിൽ തനിക്കു കാണാൻ വേണ്ടിയാണ് എന്ന് നായകനെക്കൊണ്ട് ഗാനരൂപേണ പറയിപ്പിച്ചതിലാണ് കവിയുടെ സാമർത്ഥ്യം.

മന്ദസ്മിതമാണ് ലോകത്തേറ്റവും ഹൃദ്യമായ ചിരി. ഇന്ദുഗോപം (മിന്നാമിനുങ്ങ്) പ്രകാശിക്കുന്നത് കണ്ടിട്ട് മന്ദസ്മിതങ്ങൾക്കുപോലും കൊതി തോന്നിപ്പോകുന്നു. അതുകൊണ്ട് അതിനെ (മിന്നാമിനുങ്ങിനെ) മന്ദസ്മിതങ്ങൾ മാടിമാടി വിളിക്കുകയാണ്. നുറുങ്ങുവെട്ടമാണുള്ളതെങ്കിലും അതുമതി മിന്നാമിനുങ്ങിന്റെ കാന്തി വർദ്ധിക്കാൻ. ആ തൂവെളിച്ചം സുന്ദരമായ പുഞ്ചിരിയായി കാണുകയും അതു സ്വന്തമായുള്ള മിന്നാമിനുങ്ങ് മറ്റേതിനെക്കാളും മുന്നിലായതിനാൽ തന്റെ നായികയായി കല്പിക്കുകയും ചെയ്തിരിക്കുന്നു വയലാർ രാമവർമ്മ. ഈ പല്ലവിയിൽ വയലാർ എത്ര അനായാസമായാണ് ദ്വിതീയാക്ഷരപ്രാസം കൊണ്ടുവന്നിരിക്കുന്നതെന്നു നോക്കുക. മറ്റു പലരിലും കൊതിയുണർത്തുന്നതാണ് അദ്ദേഹത്തിന്റെ ഈ രചനാപാടവം.

*'ജനുവരിക്കുളിർച്ചന്ദ്രിക മുകരും*
*ജലതരംഗം നീ*
*ശിലകൾ താനേ ശില്പമാകും*
*സൗകുമാര്യം നീ- സ്വപ്ന-*
*സൗകുമാര്യം നീ*
*നിറയും എന്നിൽ നിറയും- നിന്റെ*
*നീഹാരാർദ്രമാം അംഗരാഗം- അംഗരാഗം'*

ജനുവരിമാസം കേരളത്തിൽ മഞ്ഞുകാലമാണ്. ശരിക്കു പറഞ്ഞാൽ നമ്മുടെ കൊല്ലവർഷത്തിലെ ധനു-മകരമാസക്കാലം. ചലച്ചിത്രത്തിന്റെ ഇതിവൃത്തത്തിന് ആംഗലസ്പർശമുള്ളതിനാൽ വയലാർ മലയാളമാസങ്ങളെ അവഗണിച്ച് ഗ്രിഗോറിയൻ കലണ്ടറിലെ ജനുവരി മാസത്തെ ബോധപൂർവ്വം കൂട്ടുപിടിച്ചു. ഏതുകാലത്തെയും ചന്ദ്രിക കുളിരുള്ളതാണെങ്കിലും ജനുവരിയിലേത് നമ്മെ കുറെക്കൂടി കുളിരണിയിക്കും. അങ്ങനെയുള്ള ചന്ദ്രിക മുകരുന്ന (ചുംബിക്കുന്ന) ജലതരംഗമാണ് നായിക എന്ന് വയലാർ എഴുതിയതിനും പ്രത്യേക ഉദ്ദേശ്യശുദ്ധിയുണ്ട്.

ശിലകൾക്കു ശില്പിയുടെ സഹായമില്ലാതെ തന്നെ ശില്പമാകാൻ കഴിയുമെങ്കിലും ആ സൗകുമാര്യമാണ് നായിക. വെറും സൗകുമാര്യമല്ല. സ്വപ്നസൗകുമാര്യമെന്ന് എടുത്തുപറഞ്ഞ് നായികാ സൗന്ദര്യത്തിന് മാറ്റു  വർദ്ധിപ്പിക്കുകയാണ് കവി ചെയ്തത്. അവളുടെ ശരീരത്തിലെ കുറിക്കൂട്ട് നീഹാർദ്രമാണെന്നും അതു തന്നിൽ നിറയുമെന്നും പറഞ്ഞ് ഗാനത്തെ കൂടുതൽ കാമോദീപമാക്കുകയാണ് വയലാർ. ഇന്ദ്രിയേച്ഛ സ്പർശിക്കാത്ത ആത്മീയപ്രേമം (platonic love) അല്ല ഈ ചിത്രത്തിലേതെന്ന് നാം ഓർക്കണം. കാമാസക്തരായ കാമുകീകാമുകന്മാരുടെ കൂടിച്ചേരൽ ഉണ്ടാകുമ്പോൾ നാം കേൾക്കുന്ന പാട്ടാണിത്. അപ്പോൾ സ്വതേ ശൃംഗാരരസപ്രിയനായ വയലാർ സ്വല്പം മഷി കൂട്ടി രതിയെ ഗാനത്തിൽ കൊണ്ടുവരുമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

*'മദനനർത്തനശാലയിലുണരും മൃദുമൃദംഗം നീ*
*പ്രണയഭൃംഗം ചുണ്ടിൽ മുത്തും പാനപാത്രം നീ-*
*പുഷ്പ-പാനപാത്രം നീ*
*അലിയുംഎന്നിലലിയും -നിന്റെ അന്യാധീനമാം അഭിനിവേശം- അഭിനിവേശം.'*

സംഗീതോപകരണങ്ങളോട് (ആദ്യം ജലതരംഗമെന്നും ഇപ്പോൾ മൃദുമൃദംഗമെന്നും) നായികയെ കല്പിച്ചതിന് അവ മറ്റൊരാൾക്കു കൈകാര്യം ചെയ്യാനുള്ളതാണെന്നു ധ്വനിയുണ്ട്. മദനന്റെ (മദിപ്പിക്കുന്ന ധർമ്മത്തോടു കൂടിയവന്റെ-കാമദേവന്റെ) നർത്തനശാലയിലുണരുന്ന മൃദുമൃദംഗമാണ് നായിക എന്ന സങ്കല്പത്തിന് പുതുമ അവകാശപ്പെടാം. സ്ത്രീയോട് മൃദംഗത്തെ അഭേദം കല്പിച്ചതെന്ന ബോധം ഉള്ളതുകൊണ്ടു തന്നെയാണ് വയലാർ 'മൃദു' എന്ന വിശേഷണം കൂടി നൽകിയത്. അതുപോലെ പ്രണയഭൃംഗം ചുണ്ടിൽ മുത്തുന്ന പുഷ്പപാനപാത്രമാണെന്നു നായികയെ എടുത്തു പറഞ്ഞതിന്റെ പൊരുളും മറ്റൊന്നല്ല.

'ചട്ടക്കാരി'യിലെ നായികയെ സംബന്ധിച്ചിടത്തോളം മദ്യമോ അതിനു തുല്യമായ മറ്റെന്തെങ്കിലും ലഹരിവസ്തുവോ പാനം ചെയ്യുന്നത് നിഷിദ്ധമായ ഒന്നല്ല. ആ നിലയ്ക്കു പാനപാത്രമായി നായികയെ കണ്ട വയലാറിന്റെ ഭാവനയെ ശ്ലാഘിച്ചേ മതിയാവൂ. ദേവരാജൻ ഈ ഗാനത്തിന് പകർന്ന സംഗീതമാകട്ടെ ചിത്രത്തിന്റെ അന്തരീക്ഷത്തിനു മിഴിവു കൂട്ടാൻ ഉപകരിക്കുന്നതായി. വാക്കുകളുടെ അർത്ഥവും സംഗീതത്തിന്റെ സവിശേഷതയും തിരിച്ചറിഞ്ഞ് ആലപിക്കാൻ കഴിവുള്ള യേശുദാസ് തന്റെ ദൗത്യം ഭംഗിയായി നിറവേറ്റി. ചിത്രീകരണം കൂടി മികച്ചതായപ്പോൾ ഗാനം അവിസ്മരണീയമായി മാറി.

## കലാക്ഷേത്രമായ കേരള കലാമണ്ഡലം

ചെണ്ടകൊട്ട്, മോഹിനിയാട്ടം ഇവയിലൊരോന്നിലും ആറുവർഷത്തെ അഭ്യസനമാണ് നടത്തുന്നത്. വിദേശത്തുനിന്നു വരുന്നവർക്ക് ഹ്രസ്വകാലപരിശീലനവും നൽകിവരുന്നു. അവാർഡുകളും ഫെലോഷിപ്പുകളും നൽകിവരുന്നു. ആദ്യത്തെ സുവർണ്ണ മുദ്ര ലഭിച്ചത് ചെമ്പൈ വൈദ്യനാഥഭാഗവദർക്കാണ്. ആദ്യ ഫെലോഷിപ്പ് നാട്യാചാര്യൻ മാണി മാധവ ചാക്യാർക്കും.

സാംസ്കാരിക വകുപ്പിന്റെ ചുമതലയിലുള്ള കേരള കലാമണ്ഡലത്തിന് കേന്ദ്രസംഗീതനാടക അക്കാദമിയുടെയും തഞ്ചാവൂർ കൾച്ചറൽ സൊസൈറ്റിയുടെയും സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്. കൂടിയാടത്തിന്റെ സംരക്ഷണത്തിനായി 2004 മുതൽ യുനസ്ക്കോയുടെ ജപ്പാൻ ഫണ്ട് ട്രസ്റ്റിൽനിന്നുള്ള സഹായവും ലഭിക്കുന്നു.

2006 മുതൽ കേരള കലാമണ്ഡലം കൽപിത സർവ്വകലാശാലയായി. 2010 മുതൽ യുജിസി അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്. പ്രധാനമന്ത്രിമാരായ ഇന്ദിരാ ഗാന്ധിയും (1980), വി.പി. സിംഗും (1990), മൻമോഹൻ സിംഗും (2012) കേരള കലാമണ്ഡലം സന്ദർശിക്കുകയുണ്ടായി.

മഹാകവി വള്ളത്തോളിനു (1930–1958)ശേഷം കോമാട്ടിൽ അച്യുതമേനോൻ (1959–1961), ഡോ.കെ.എൻ.പിഷാരടി (1962–1967), എം.കെ.കെ. നായർ (1967–1971), ഡി.എച്ച്. നമ്പൂതിരിപ്പാട് (1971–1976), കെ.എം.കുന്നപ്പള്ളി (1976–1978), ഒളപ്പമണ്ണ സുബ്രഹ്മണ്യം നമ്പൂതിരിപ്പാട് (1978–1984), ടി.ബി.എം.നെടുങ്ങാടി (1984–1987), കെ.വി.കൊച്ചനിയൻ (1987–1991), ഒളപ്പമണ്ണ (1991–1993), വി.എസ്.ശർമ്മ (1993–1996), ഒ.എൻ.വി കുറുപ്പ് (1996–2001), വി.ആർ.പ്രബോധനചന്ദ്രനായർ (2001–2006), ഒ.എൻ.വി (2006–2007), ഇ.ശ്രീധരൻ (2006–2011) എന്നിവരായിരുന്നു കേരളക ലാമണ്ഡലത്തിന്റെ അദ്ധ്യക്ഷന്മാർ. കല്പിത സർവ്വകലാശാലയായതിനുശേഷം നിയമിതനായ ആദ്യ വൈസ് ചാൻസിലർ പി.എൻ.സുരേഷാണ്. (2011–2106) അദ്ദേഹത്തെ തുടർന്ന് വി.സിയായി എം.എം. ദിലീപ് ചുമതലേറ്റു.



# മോരാ ഹാരോം ചക്കയാണോ?

സുകുമാരൻ മുതുകുളം



ആർക്കു വേണമെങ്കിലും ചക്ക ഇട്ടുകൊണ്ടുപോകാം.

നാലഞ്ചുവർഷം മുമ്പ് ഇങ്ങനെ ഒരു ബോർഡ് നാട്ടിലെ വഴിയിറമ്പിലുള്ള മിക്ക പ്ലാവുകളുടെയും ചുവട്ടിൽ എഴുതി ചാരിവച്ചിരുന്ന കാഴ്ച സർവ്വസാധാരണമായിരുന്നു. പഴുത്ത ചക്ക തനിയേ അടർന്നു തറയിൽ വീണ് ഈച്ചയും പുഴുവും ആർക്കുന്ന കാഴ്ച കണ്ടു സഹികെട്ടപ്പോഴാണ് 'പ്ലാവസ്ഥന്മാർ' ഇങ്ങനെ എഴുതി വച്ചത്.

പക്ഷെ, ആർക്ക് എപ്പോഴാണ് ഒരു നല്ലകാലം വരുന്നതെന്ന് പ്രവചിക്കാൻ കഴിയില്ല. 'ചക്കമഹോത്സവം' കഴിഞ്ഞപ്പോഴാണ് ഓണാട്ടുകരയിലെ കുഞ്ഞുപണിക്കൻ പറഞ്ഞ വാക്കുകൾ ഓർമ്മയിൽ തികട്ടിവന്നത്. കൈത്തയ്യൽ കുലത്തൊഴിലായിരുന്ന പാണൻ സമുദായത്തിൽപ്പെട്ട ഒരു കാരണവരായിരുന്നു കുഞ്ഞുപണിക്കൻ. വൈദ്യൻ വൈദ്യരും ശല്ല്യൻ ശല്ല്യരും ആകുന്നതുപോലെ ചിലരൊക്കെ സ്നേഹപൂർവ്വം കുഞ്ഞുപണിക്കനെ കുഞ്ഞുപണിക്കർ എന്നു വിളിച്ചിരുന്നത് നാട്ടുനടപ്പ്.

മിഷ്യനും മിഷ്യൻ തയ്യലുമൊക്കെ അക്കാലത്ത് അത്യപൂർവ്വമായിരുന്നു. റെഡീമെയ്ഡ് മെത്തകളും സ്ലീവ് വെല്ലുമൊക്കെ ആരും ആലോചിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. അതുകൊണ്ട് സമ്പന്ന കുടുംബങ്ങളിലൊക്കെ മെത്ത തയ്ക്കുന്നത് കുഞ്ഞുപണിക്കൻ ആയിരുന്നു. കൈത്തയ്യലിലെ ചുറുചുറുക്കും വൈദഗ്ദ്ധ്യവും മാത്രമായിരുന്നില്ല ആ 'സൂചി ശില്പദക്ഷന്റെ' കൈമുതൽ. പുരാണപാരായണവും നല്ല നാട്ടറിവുമൊക്കെ ഉണ്ടായിരുന്ന കുഞ്ഞുപണിക്കന്റെ സമയോചിതമായ വാക്ചാതുര്യം എടുത്തു പറയണമായിരുന്നു.

കാലത്തും ഉച്ചയ്ക്കും ആഹാരം. വൈകുന്നേരം പേരിനൊരുകൂലി. അതായിരുന്നു പ്രതിഫലക്കാര്യത്തിൽ അന്നത്തെ നാട്ടുനടപ്പ്. അങ്ങനെ അന്നൊരു തറവാട്ടിൽ മെത്ത തയ്യൽ തുടങ്ങി. വീട്ടിലെ കൊച്ചമ്മ (കാരണവത്തി) പോലത്തെക്കിന് (ഉച്ചഭക്ഷണം) വിളിച്ചു. കുഞ്ഞുപണിക്കൻ ഒരു തൂശനില മുറിച്ചിട്ടു ഭക്ഷണത്തിനിരുന്നു. കടുമാങ്ങാ ഒഴിച്ചുള്ള ഊണിന്റെ പക്കമേളങ്ങൾ ഏറെയും ചക്കമയം.

ചക്ക അവിയൽ, ഉഴുന്നു പരിപ്പു വറുത്തു ചേർത്ത ഇടിച്ചക്കത്തോരൻ, ചക്കക്കുരവും പച്ചമാങ്ങയും മുരിങ്ങക്കയും കൂട്ടിയിട്ട ഒരു ഒഴിച്ചുകറി, ചക്കക്കുരു മാത്രം പ്രത്യേകിച്ച് ഒരു തോരൻ. അങ്ങനെ അങ്ങനെ... ആകെ ഒരു ചക്കമയം. ഭക്ഷണത്തിനാണെങ്കിൽ ഒരു സ്വാദുകുറവുമില്ല. അദ്ദേഹം സ്വാദിഷ്ടമായി മൃഷ്ടാന്നം ഭക്ഷണം കഴിച്ചു. ഊണിന് വഞ്ചീശ്വരമംഗളം പാടാറായപ്പോൾ കയ്യിൽ ഒരു ചെറിയ കൽഭരണിയുമായി കൊച്ചമ്മ അടുക്കലോട്ടു ചെന്നു.

'കുഞ്ഞുപണിക്കന് ഇച്ചിരി പച്ചമോരു കൂടി ഒഴിക്കട്ടെ.'

മോരൊഴിക്കാൻ, ഇലയിൽ അവശേഷിക്കുന്ന ചോറിനുമുകളിൽ കൈക്കുമ്പിൾ മലർത്തി പിടിച്ചുകൊണ്ട് പകുതി കളി ആയിട്ടും, പകുതി കാര്യമായിട്ടും ഒരു മറുപടി പറഞ്ഞു.

'മോരോഹാരോം ചക്കയാണേൽ അടിയനു വേണമെന്നില്ല.'

മോരുകൂട്ടി സുഭിക്ഷമായി ഭക്ഷണം കഴിച്ച് എഴുന്നേറ്റ് ഏമ്പക്കം വിട്ടു കൈയ്യും കഴുകി കുഞ്ഞുപണിക്കൻ മെത്ത തയ്യൽ തുടരുകയും ചെയ്തു. നമ്മുടെ നാട്ടിൻപുറങ്ങളിൽ വിശപ്പടക്കാനും പട്ടിണിയെ ആട്ടിയകറ്റി നിറുത്താനുമെല്ലാം നല്ലൊരു പങ്കുവഹിച്ച ഫലവൃക്ഷവും ഫലവുമാണ് പ്ലാവും ചക്കയുമെല്ലാം. (പ്ലാവിനു ചക്കമരം എന്നു ഇംഗ്ലീഷ്മീഡിയം കുട്ടികൾ) മരച്ചീനി ഉരച്ചു മാവ് എടുത്തു കയറ്റി അയച്ചിട്ട് മരിച്ചീനിക്കെന്തു കൊണ്ടു പുട്ടു പുഴങ്ങിത്തിന്നു വിശപ്പടക്കിയിരുന്ന രണ്ടാം ലോക മാഹായുദ്ധകാലത്ത്. പ്രത്യേകിച്ചും പ്ലാവ് കളയാടി രണ്ടു മാസം കഴിയുമ്പോഴുള്ള ഇടിച്ചക്ക പറിച്ചെടുത്ത് തോരൻ വയ്ക്കുന്നതിൽ തുടങ്ങി പഴുത്ത തേൻവരിക്കയുടെ ചുള സ്വാദിഷ്ടമായി കഴിക്കുന്നതുവരെ- എന്തെന്തുതരം ഭക്ഷണങ്ങൾ. ചക്കയുടെ പൂഞ്ചും മടലുമെല്ലാം വീട്ടിൽ വളർത്തുന്ന കന്നുകാലികൾക്ക് ആഹാരവും.

നമുക്കെന്തെങ്കിലും ആധികാരികമായി അംഗീകരിക്കണമെങ്കിൽ സായിപ്പു പറയണം. ഉദാഹരണമായി നമ്മുടെ മഞ്ഞളിന്റെ കാര്യം തന്നെ എടുക്കാം. മുറിവുണങ്ങാനും മറ്റുമുള്ള ഔഷധഗുണം മഞ്ഞളിനുണ്ടെന്നു കണ്ട അമേരിക്കയിലെ സായിപ്പ് അതിന്റെ പേറ്റന്റ് എടുക്കാൻ ശ്രമം ആരംഭിച്ചപ്പോഴാണ് നമുക്ക് മഞ്ഞൾ വിശിഷ്ടവസ്തുവായത്.

ചക്കയും ചക്കക്കുരുവുമെല്ലാം ക്യാൻസറിനെ പ്രതിരോധിക്കുമെന്നും പ്രമേഹത്തെ തടയുമെന്നും സായിപ്പു പറഞ്ഞപ്പോൾ നമുക്കും സമ്മതമായി. അങ്ങനെയെങ്കിലും ചക്കയുടെ അൺടച്ചബിലിറ്റി ഒന്നു മാറിക്കിട്ടിയല്ലോ. സന്തോഷം.

'ഗ്രഹണി പിടിച്ച കുട്ടി ചക്കപ്പുഴുക്കു കണ്ടതുപോലെ...' ഇങ്ങനെ ഒരു പ്രയോഗം തന്നെ നമ്മുടെ നാടൻഭാഷയിലുണ്ട്. എത്ര ആർത്തിയോടെയാണ് നമ്മുടെ പൂർവ്വീകർ ചക്കയും ചക്കവിഭവങ്ങളും കഴിച്ചിരുന്നത് എന്നറിയാൻ ഇതിനേക്കാൾ വലിയ ഒരു തെളിവൊന്നും ഹാജരാക്കണമെന്നു തോന്നുന്നില്ല. ചക്കമഹോത്സവം കൂടി കഴിഞ്ഞപ്പോൾ കാര്യം കുശാൽ. ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ നിന്നെങ്കിലും നമ്മളുടെ ന്യൂജനറേഷൻ ചക്കപ്പുഴുക്കും ചക്കത്തോരനുമൊക്കെ വാങ്ങി കഴിക്കുമല്ലോ. സന്തോഷം. നമ്മുടെ നാട്ടിൽ വർഷാവർഷം പാഴായിപ്പോകുന്ന ചക്ക ഉപയോഗപ്പെടുത്തിയാൽതന്നെ ഭക്ഷ്യസുരക്ഷാ രംഗത്ത് നമുക്ക് എത്ര മുന്നേറാൻ കഴിയും. അതും യാതൊരു കീടനാശിനിയും ഉപയോഗിക്കാത്ത ഭക്ഷണം.

വറുത്തു തോടുള്ള കപ്പലണ്ടിയേ അനുസ്മരിപ്പിക്കുന്ന പിസ്ത തീൻമേശയിൽ എടുത്തുവച്ച് പൊളിച്ചു കൊറിക്കുമ്പോൾ 'ഇതു ഗൾഫീനു കസിൻ കൊണ്ടുവന്നതാ' എന്നു പറഞ്ഞു മേനി നടിക്കുന്ന നമ്മൾ, രണ്ടായി മുറിച്ചെടുത്ത ചക്കക്കുരു വറുത്ത് ഓരോ കഷണം തിന്നു നോക്കിയിരുന്നെങ്കിലോ. കൂട്ടത്തിൽ ഓരോ ചെറിയ കഷണം തേങ്ങാക്കൊത്തുകൂടി ഉണ്ടെങ്കിൽ പറയുകയും വേണ്ട.

ഈ പ്ലാവിനെ എന്നാണോ നമ്മൾ കല്പവൃക്ഷമായി അംഗീകരിക്കുക. അറിയില്ല.